കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ജി.പി.4/2170/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 13.03.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2170/2018 തീയതി: 13.03.2020

<u>തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.11.2018 മുതൽ 13.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കു ലഭ്യമാക്കിയ മറുപടി പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2019 മുതൽ 22.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽ കുമാർ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദുലത ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി.ജി, ഓഡിറ്റർ |
| | ശ്രീ.വിനുകുമാർ പി.കെ, ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.ചന്ദ്രൻ നായർ | 01.04.2018 മുതൽ 03.02.2019 വരെ |
| | ശ്രീമതി.ആർ.സരോജിനി | 04.02.2019 മുതൽ 27.02.2019 വരെ |
| | ശ്രീ.എസ്.രാധാകൃഷ്ണൻ നായർ | 28.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.നന്ദകുമാർ.സി | 01.04.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര വി ജി<br>ശ്രീമതി.ശ്രീജ എസ് | 01.04.2018 മുതൽ 10.08.2018 വരെ |

| | | |
|---|---|---|
| | | 11.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ – 1 | ശ്രീമതി.എസ്. ബിന്ദു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, 2 സർക്കിൾ – 1 | ശ്രീ.രാജേഷ് ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബി. എസ് അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.രാജേഷ് ജെ<br>ശ്രീ.ബി ശിവകുമാർ | 01.04.2018 മുതൽ 20.6.2018 വരെ<br>21.6.2018 മുതൽ 31.03.2019 വരെ |
| എം.ഒ, സി.എച്ച്.സി. | ഡോ. ബിനോയ് എസ് ബാബു<br>ഡോ. ലേഖ തോബിയാസ് | 01.04.2018 മുതൽ 10.01.2019 വരെ<br>11.01.2019 മുതൽ 31.03.2019 വരെ |
| എം.ഒ. ഹോമിയോ | ഡോ. രശ്മി ആർ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ആയുർവേദം | ഡോ. രജനി ആർ വി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി ഡോക്ടർ | ഡോ. ഇന്ദു ജി നായർ | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രുമതി.സുധാലക്ഷ്മി<br>ശ്രീമതി.നിഷ ജെ.എസ് | 01.04.18 മുതൽ 20.07.2018 വരെ<br>21.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുനിത വാടയാർ | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീമതി.ഹെബ്സിബ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | | |

| | | |
|---|---|---|
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-12 |
| 13 | കെട്ടിട നിർമ്മാണാനുമതി ഫയൽ തയ്യാറാക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | ക്രമവത്ക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 1-14 |
| 15 | കെട്ടിട നിർമ്മാണാനുമതി അപേക്ഷക്കായി സമർപ്പിച്ച രേഖകളുടെ ആധികാരികത ഉറപ്പാക്കാനായില്ല. | 1-15 |
| 16 | വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്യുതിനുള്ള രേഖകൾ ലഭ്യമല്ല | 1-16 |
| 17 | തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം | 1-17 |
| 18 | കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-18 |
| 19 | ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല. | 1-19 |
| 20 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കണം | 1-20 |
| 21 | ഷോപ്പിംഗ് കോംപ്ളക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കണം | 1-21 |
| 22 | കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-22 |
| 23 | സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ | 1-23 |
| 24 | അധികമായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക പ്രവൃത്തി പൂർത്തിയായിട്ടും തിരികെ ലഭ്യമായില്ല. | 1-24 |
| 25 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-25 |
| 26 | വാഹന ഇൻഷ്വറൻസ് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 1-26 |
| 27 | യു. ഐ. ടി. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജും വെള്ളക്കരവും പഞ്ചായത്ത് നൽകുന്നു | 1-27 |
| 28 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - ആസൂത്രണം, മോണിട്ടറിംഗ് അപാകതകൾ | 1-28 |
| 29 | ഐ.കെ.എം-നുള്ള പ്രവർത്തനഫണ്ട് വിഹിതം - കൃത്യത ഉറപ്പാക്കേണ്ടതാണ്. | 1-29 |
| 30 | ആറാട്ടു മഹോത്സവം - ശുചീകരണ പ്രവർത്തനങ്ങൾ ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 1-30 |
| 31 | നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ | 1-31 |
| 32 | ഹരിത കർമ്മസേന രൂപീകരണം, നടത്തിപ്പ് - മാലിന്യ സംസ്കരണത്തിനു പ്രതിവിധി കണ്ടെത്താനായില്ല- ഭരണസമിതി അതീവ ശ്രദ്ധ നൽകണം. | 1-32 |
| 33 | വിദ്യാർത്ഥികൾക്ക് അവധിക്കാല കായിക പരിശീലനം - ഭക്ഷണച്ചെലവ് നിർവഹിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടണം | 1-33 |
| 34 | പദ്ധതി രൂപീകരണം, മോണിട്ടറിംഗ് - ചെലവു രേഖകൾ ലഭ്യമായില്ല | 1-34 |
| 35 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| 36 | ടെണ്ടർ ക്ഷണിച്ച് നടപ്പാക്കേണ്ടിയിരുന്ന പദ്ധതി ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിച്ചു – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-36 |
| 37 | ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വിതരണ രേഖകളിലെ അപാകതകൾ - 104198/- രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 38 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ | 1-38 |
| 39 | ഗുണനിലവാരം ഉറപ്പാക്കാതെ LED ലൈറ്റ് വാങ്ങി | 1-39 |
| 40 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഓണറേറിയം - രേഖകൾ ലഭ്യമായില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | എ.ബി.സി. പദ്ധതി - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 98700/- രൂപ തടസ്സപ്പെടുത്തുന്നു. | 1-41 |
| 42 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 43 | ജലസേചന, കുടിവെള്ള പദ്ധതികൾ നടപ്പാക്കിയില്ല. | 1-43 |
| 44 | കരാറിലേർപ്പെട്ടതിന് ശേഷം പ്രവൃത്തി നിർവ്വഹിക്കുന്ന തിൽ നിന്നും പിൻമാറി – തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-44 |
| 45 | മാന്വൽ ടെണ്ടർ നടപടി സ്വീകരിക്കാതെ ക്വട്ടേഷനിലൂടെ പദ്ധതി നടപ്പാക്കി. | 1-45 |
| 46 | പകൽ വീട് പ്രവർത്തനം ആരംഭിച്ചില്ല | 1-46 |
| 47 | ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം | 1-47 |
| 48 | ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമല്ല | 1-48 |
| 49 | സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പിലാക്കി | 1-49 |
| 50 | മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ | 1-50 |
| 51 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-51 |
| 52 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങൽ പദ്ധതി നടപ്പിലാക്കി | 1-52 |
| 53 | പാലിയേറ്റീവ്കെയർ-ഒന്നിലേറെ പ്രോജക്ട് നടപ്പിലാക്കി | 1-53 |
| 54 | തൊഴിലുറപ്പ് പദ്ധതി- അപാകങ്ങൾ | 1-54 |
| | ഭാഗം - 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 55 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 56 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 57 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 58 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 59 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 60 | സ്ഥിരനിക്ഷേപം | 4-6 |
| 61 | ഓഡിറ്റ് റിക്കവറി | 4-7 |
| 62 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 63 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങളിലെ അപാകതകൾ.

2018-19 വർഷത്തെ ബജറ്റ് 26.3.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 297286300/- രൂപ വരവും 296861843/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 113844695/-രൂപയും ചെലവ് 111170358/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം).

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വികസനകാര്യം, ആരോഗ്യം വിദ്യാഭ്യാസം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ചർച്ച നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 07.02.2018, 26.02.2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 09.03.2018ൽ |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19.03.2018 ൽ |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 26.03.2018-ൽ |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിലും, സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയതായി വിലയിരുത്തുന്നു.

എ) <u>വകയിരുത്തിയതിൽ അധികം ചെലവ് ചെയ്തു</u>.

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2018-19 പുതുക്കിയ ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവ് ചെയ്ത തുക | ചെലവിനം |
|---|---|---|---|
| 2304001 | 65000 | 84530 | Hire Charges |
| 2305006 | 0 | 9522 | Irrigation – Repairs & Maintenence |
| 2305099 | 1000 | 36100 | Repairs & Maintenence – Other Fixed Assets |
| 2501039 | 0 | 524684 | Animal Husbandry – Infrastructure |
| 2512002 | 1050000 | 1145284 | Public Health Programme |
| 2512026 | 0 | 414873 | Sanitation and Waste Management – Public |

കേരളാ പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വഹിക്കുവാൻ പാടുള്ളതല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.11.2019) ചെലവു വന്ന തുക സമാനമായ മറ്റു ഹെഡുകളിൽ ഉൾപ്പെടുത്തിയതായാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതും, ബജറ്റി നുള്ളിൽ ചെലവുകൾ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 09.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 12542455

വരവ് - 113844695

ആകെ - 126387150

ചെലവ് - 111170358

നീക്കിയിരിപ്പ് - 15216792

## 1-4 ഫണ്ട് വിനിയോഗം (റസീപ്റ്റ്സ് & പേയ്മെന്റ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 22542590 | 22542590 | 22542590 | 0 |
| എസ്.സി.പി | 0 | 8275377 | 8275377 | 8275377 | 0 |
| ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സി.എഫ്.സി | 0 | 7026714 | 7026714 | 7026714 | 0 |
| ബി ഫണ്ട് | 0 | 1584840 | 1584840 | 1584840 | 0 |
| മെ. റോഡ് | 0 | 20013816 | 20013816 | 20013816 | 0 |
| മെ. റോഡിതരം | 0 | 4115314 | 4115314 | 4115314 | 0 |
| എൻ.ആർ.ഇ.ജി.എസ് | 6235 | 464730 | 470965 | 464829 | 6136 |
| LITERACY | 8185 | 247 | 8432 | 0 | 8432 |
| Ems Bhavana nidhi | 42202 | 1273 | 43475 | 0 | 43475 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| E Payment | 38941 | 137346 | 176087 | 0 | 176287 |
| CBI Distress reliet | 1045 | 36 | 1081 | 0 | 1081 |
| CBI WGDP | 2387 | 85 | 2472 | 0 | 2472 |
| CBI WGDP(SCP) | 79628 | 2823 | 82451 | 0 | 82451 |
| Joint Venture (*1) | -79200 | 7630219 | 7551019 | 5688651 | 1862368 |
| Own fund Try Tsb (*2) | 944048 | 17025415 | 17969463 | 14474812 | 3494651 |
| CBI Own fund (*3) | 11470201 | 24877323 | 36347524 | 26949634 | 9397890 |
| ക്യാഷ് | 28783 | 141549 | 170332 | 28783 | 141549 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | ആകെ | 275 | 154085254 | 195 | 86567655 | - | 80 | 71 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6235 | 464730 | 470965 | 464829 | 6136 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 45712273 | 45712273 | 45712273 | - |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 864840 | 484 |
| കർഷക തൊഴിലാളി പെൻഷൻ | 7365400 | 613 |
| വിധവാപെൻഷൻ | 19254900 | 1515 |
| വാർദ്ധക്യകാല പെൻഷൻ | 27652200 | 2100 |
| വികലാംഗ പെൻഷൻ | 5861000 | 437 |
| | | |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 720000 | 22 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 519200 | 42 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019 രാവിലെ 10.30 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,299/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

(I) ഫ്രണ്ട്ഓഫീസ് സംവിധാനം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009 )

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നമ്പർ, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

(ii) ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരള പഞ്ചായത്ത്രാജ് സെക്ഷൻ 162a-b1(i) പ്രകാരം ഓഫീസ്

പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല.

ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ ചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. രജിസ്റ്ററുകൾ, ഫയലുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്.

ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെൻറ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഭരണ – ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(iii).<u>വരവ്, ചെലവ് വിവരങ്ങൾ</u>

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. തനത് വരവ് വർദ്ധിപ്പിക്കുന്നതിന് പുതിയ നിർദേശങ്ങളോ നടപടികളോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

<u>iv) ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ തുടർന്ന് വരുന്നു.</u>

ധനഇടപാടുകളില്ലാതെ തുടർന്ന് വരുന്ന അക്കൗണ്ടുകളിൽ, മറ്റു ഏജൻസികളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാനാകാതെ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറേണ്ടതും, തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നവ ക്രമപ്രകാരം തനതു ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതും, ഇത്തരം അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതുമാണ്.

<u>v) രജിസ്റ്ററുകളുടെ പരിപാലനം</u>

തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, കെട്ടിട നികുതി ഇളവു രജിസ്റ്റർ, സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്ററുകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. ആസ്തിയുടെ യൂണീക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഉൾപ്പെടുത്താതെയാണ് അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്.

<u>vi) സ്റ്റോക്ക് പരിപാലനത്തിലെ അപാകതകൾ</u>

വിവിധ സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല. (ഖണ്ഡിക 1-24 കാണുക.)

vii) പദ്ധതി ആസൂത്രണം, തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ പൊതുവായ വികസന ലക്ഷ്യം മുന്നിൽ കണ്ട് വിവിധ മേഖലകളിൽ പ്രായോഗിക തലത്തിൽ എത്തിക്കാൻ കഴിയുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല. ഉദാഹരണമായി വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിൽ അടങ്കൽ തുകയുടെ അഞ്ച് ശതമാനത്തിൽ താഴെ മാത്രം തുക വിനിയോഗിച്ചിരിക്കുന്നു. അതിനാൽ തന്നെ ബജറ്റ് വിഹിതം പഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. നിർവ്വഹണ വേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ തുടർപ്രവർത്തനവും കാര്യക്ഷമതയും മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കീഴിൽ വരുന്ന കണക്കുകൾ രേഖകൾ തയ്യാറാക്കൽ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് എന്നിവ 2018-19 സാമ്പത്തിക വർഷം യോഗം ചേർന്നിട്ടില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ അപേക്ഷകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാമസഭയിൽ നിന്നും അർഹതയുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. വിവിധ പദ്ധതികളുടെ അപേക്ഷകളിൽ പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല. ഉദാഹരണമായി വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപേക്ഷകരുമായി ഏർപ്പെട്ടിട്ടുള്ള കരാർ വിവരങ്ങൾ പൂർണമല്ല.

ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള തുകകൾ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ലാതെയും, കരാറിൽ ഏർപ്പെടാതെയും നൽകിയിരിക്കുന്നു.

viii) തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. തെരുവ് വിളക്ക രജിസ്റ്റർ പരിപാലിച്ചിട്ടില്ല. മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ix. മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിൽ വീഴ്ച.

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ നേരിട്ട് പരിശോധന നടത്തി ആവശ്യകത വിലയിരുത്താത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വരുന്നു. കരാറുകാരുമായി ഏർപ്പെടുന്ന ഉടമ്പടിയിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതിചേർക്കുന്നില്ല, വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തുന്നു. സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവഹിച്ചിരിക്കുന്നത്. നൂറ് മീറ്ററിൽ താഴെ നീളമുള്ള റോഡ് പ്രവൃത്തികൾ, ഒരു ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന പ്രവൃത്തികൾ എന്നിങ്ങനെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങളിൽ സുതാര്യത ഇല്ല. 40 മുതൽ 50 ശതമാനം വരെയുള്ള പ്രവൃത്തികൾക്ക് ഒരേ

നിരക്കിലുള്ള രണ്ട് ടെണ്ടർ വീതം ലഭിച്ചിരിക്കുന്നു. ഏക ടെൻഡർ ലഭിച്ച എന്ന കാരണത്താൽ രണ്ടര ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾക്കും, ഇ-ടെൻഡർ ക്ഷണിച്ചിട്ട് കരാറുകാർ പ്രവൃത്തി ഏറ്റെടുത്തില്ല എന്ന കാരണത്താലും ക്വട്ടേഷൻ മുഖേന പ്രവൃത്തി നിർവ്വഹിച്ചു.

x) <u>മരാമത്ത് പ്രവൃത്തികളുടെ ദീർഘീകരണ കാലയളവ് - നിയമാനുസൃത പിഴ ഈടാക്കുന്നില്ല.</u>

കരാറുകാർ അപേക്ഷകൾ നല്കാതെ തന്നെ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയും ആയതിന് നിയമാനുസൃതമായ പിഴ ഈടാക്കാതിരിക്കുകയും ചെയ്യുന്നു. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ കരാർ കാലയളവ് ദീർഘിപ്പിക്കേണ്ടി വരുമ്പോൾ ആയതിന് മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച്, പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ ദീർഘീകരണം നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് ഭരണസമിതിയുടെ അനുവാദം നേടിയിട്ടില്ലാത്തതാണ്. സെലക്ഷൻ നോട്ടീസ് ലഭിച്ചതിന് ശേഷം കരാറിലേർപ്പെടുന്നതിനും കാലതാമസം വന്നിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2019 | സെപ്റ്റംബർ, ഒക്ടോബർ, 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.10.2018 | 2016-18 | 01.12.2018 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.4/981/19 തീയതി 17.08.2019 റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. PWD-ക്ക് നൽകിയ ഡെപ്പോസിറ്റ് തുകയിൽ വിനിയോഗിക്കാത്ത 75,541/- രൂപ തിരികെ ലഭിച്ചിട്ടില്ല.

2. CMDRF – ലേക്ക് ഈടാക്കിയ തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

3. മുൻകൂർ നല്കിയ യാത്രാബത്ത 6,000/- രൂപ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

4. പ്രത്യേക ആവശ്യങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച 52,151,32/- രൂപ (B-4 ഷെഡ്യൂൾ) ചെലവഴിക്കാത്ത തുക തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിട നികുതി നിർണയിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച്, വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങളുടെ നികുതി, 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, അനുബന്ധ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമല്ല.

വസ്തു നികുതി നിർണയിച്ച കൊണ്ട് കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 2അപേക്ഷകൾക്കൊപ്പം സ്വീകരിച്ചിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ മാന്വൽ ഫോറം 6 ലെ വിവരങ്ങൾ അപൂർണമാണ്. സഞ്ചയ ഫോറം 6-ൽ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ പോലും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി കെട്ടിട നിർമ്മാണ പ്ലാനിൽ 5 മീറ്ററിലധികം വഴി സൗകര്യം കാണിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയാ ഫോറം 6ൽ 1.5 മീ വഴി സൗകര്യമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം കെട്ടിട നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വർദ്ധനവുകളും ഇളവുകളും ശരിയായ രീതിയിൽ ഫോറം 6 ൽ രേഖപ്പെടുത്താത്തതിലൂടെ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടം ഉണ്ടാകുന്നു.

വസ്തുനികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരിശോധനക്കു വിധേയമാക്കിയ ഫയലുകളിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്താവിത കെട്ടിടങ്ങളുടെ മാത്രം നികുതി വരവിൽ പ്രതിവർഷം 4941/- രൂപയുടെ കുറവുണ്ടാകുന്നു.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതിനും, കെട്ടിടങ്ങൾക്ക് ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിർണ്ണയിച്ചതും സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ഓഡിറ്റിനു ലഭ്യമായിരുന്നില്ല. ആയതിനാൽ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ മേഖലാ വിഭജനം നടത്തിയതിനും, അടിസ്ഥാന നികുതി നിരക്കിനും 'സഞ്ചയ'യിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ തന്നെ അംഗീകരിച്ചാണ് അനുബന്ധം 3 തയ്യാറാക്കിയിട്ടുള്ളത്.

വസ്തുനികുതിയിനത്തിൽ കുറവുണ്ടായത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.52/22.11.2019) അപാകതകൾ വിശദമായി പരിശോധിച്ച മറുപടി ലഭ്യമാക്കുന്നതാണെന്നു അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരമുള്ള വിവരങ്ങളാണോ സഞ്ചയയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും, 2018-19 ൽ കെട്ടിട നമ്പർ നൽകി, വസ്തു നികുതി നിർണ്ണയിക്കപ്പെട്ട മുഴുവൻ അപേക്ഷകളും (ക്രമവത്ക്കരണമുൾപ്പെടെ) പുനപരിശോധിക്കേണ്ടതുമാണ്. വസ്തുനികതിയിനത്തിൽ കുറവു വന്ന കെട്ടിടങ്ങളിൽ നിന്നും നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും, രേഖകൾ ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണാനുമതി ഫയൽ തയ്യാറാക്കുന്നതിലെ അപാകതകൾ

കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട 02.12.2015 ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിങ്ങ്, നികുതി നിർണയിക്കൽ തുടങ്ങിയവ ഒറ്റഫയലായി ക്രമീകരിച്ചിട്ടില്ല.

ബി) അപേക്ഷകൾ പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വിസ്തീർണം, എഫ്.എ.ആർ, കവറേജ്, പാർക്കിംഗ്, പെർമിറ്റ് ഫീ തുടങ്ങിയ വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

സി) ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ നോട്ടിൽ അപേക്ഷകന്റെ ഉടമസ്ഥാവകാശം, ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ റിപ്പോർട്ട് ചെയ്യുന്നില്ല.

ഫയലുകൾ യഥാവിധി പരിപാലിക്കുന്നതിലും, പരിശോധനാ റിപ്പോർട്ടുകൾ ആധികാരികമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ക്രമവത്ക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണാനുമതി കൂടാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 135 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലയായിരിക്കും എന്ന വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഇത്തരം അപേക്ഷകളിൽ രാജിയാക്കൽ ഫീസിനോടൊപ്പം, പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്നു ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറി 11.11.2015 തീയതിയിലെ നം.229813/ആർ.ഡി.2/15/തസ്വഭവ കത്തിലൂടെ സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. പെർമിറ്റ് ഫീസ് ഈടാക്കാത്തതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായി. ഉദാഹരണങ്ങൾ ചുവടെ.

| അപേക്ഷാ നം/ തീയതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം, സ്വഭാവം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|---|
| 2786/6.04.2018 | ജയൻ ബി | 72.09 ച.മീ. പാർപ്പിടം | 180 |
| 2947/12.4.18 | അനിൽകുമാർ | 56.96 ച.മീ, പാർപ്പിടം | 142 |
| 3458/30.4.18 | ജഗതി ശിവൻ തമ്പി, സബിത തമ്പി | 116.79 ച.മീ, പാർപ്പിടം | 292 |
| 2221/19.3.08 | ഗിരീശൻ | 138 ച.മീ, പാർപ്പിടം | 345 |

| | | | |
|---|---|---|---|
| 2652/3.4.18 | സോമൻ | 22.2ച.മീ, പാർപ്പിടം | 56 |
| 7008/03.08.18 | ദീപ കരുണ | 124.1ച.മീ, പാർപ്പിടം | 310 |
| 6771/27.7.18 | പുഷ്പ അജിത് നായർ | 77.98ച.മീ, പാർപ്പിടം | 195 |
| 9880/12.11.2018 | വിനു കുമാർ വി | 84.02ച.മീ, പാർപ്പിടം | 210 |
| 9946/13.11.18 | വത്സല ആർ | 40.52ച.മീ, പാർപ്പിടം | 101 |
| 10670/6.12.18 | മോഹനകുമാർ ബി | 26.28 ച.മീ, പാർപ്പിടം | 66 |
| 6425/13.03.2019 | മണിയൻ | 35 ച.മീ, വാണിജ്യം | 245 |
| 1579/23.02.2019 | പ്രവീൺ | 17.46ച.മീ, വാണിജ്യം | 122 |
| 6942/02.08.2018 | രാജേഷ് | 69ച.മീ, പാർപ്പിടം | 173 |
| 4071/22.05.2018 | ശ്രീകുമാർ | 132ച.മീ, പാർപ്പിടം | 330 |
| 7521/21.08.2018 | ദീപാറാണി | 110.5ച.മീ, പാർപ്പിടം | 276 |
| 3145/20.04.2018 | ബനഡിക്റ്റ്, സോഫിയാറാണി | 84ച.മീ, പാർപ്പിടം | 210 |
| 2957/12.04.2018 | ഇന്ദിര, ഷബ്ന | 121.37ച.മീ, പാർപ്പിടം | 303 |
| 7386/16.08.2018 | രമേഷ് കുമാർ, വസന്ത കുമാരി | 90.24 ച.മീ, പാർപ്പിടം | 226 |
| 4185/25.05.2018 | വരുൺ എസ് നായർ | 22.22ച.മീ, പാർപ്പിടം | 56 |
| 5741/05.07.2018 | വിജയകുമാരൻ ആശാരി | 137.69ച.മീ, പാർപ്പിടം | 344 |
| 3984/18.05.2018 | വിഷ്ണുപ്രിയ | 67.34ച.മീ, പാർപ്പിടം | 168 |
| 10512/01.12.2018 | നെൽസൺ | 39.49 ച.മീ, വാണിജ്യം | 276 |
| | | | |

| | | | |
|---|---|---|---|
| 11175/21.12.2018 | അനിൽകുമാർ | 74.59 ച.മീ, പാർപ്പിടം | 186 |
| 8076/29.09.2018 | യേശുദാസ് | 75.25 ച.മീ, പാർപ്പിടം | 188 |
| 4228/28.05.2018 | പ്രതിഭ ചന്ദ്രൻ | 61.06ച.മീ, പാർപ്പിടം | 153 |
| 7444/18.08.2018 | സംഗീത എ.കെ., രാജേഷ് | 57.92 ച.മീ, പാർപ്പിടം | 145 |
| 5046/25.06.2018 | രാജേഷ് | 59.09ച.മീ, പാർപ്പിടം | 148 |
| 7196/09.08.2018 | സജികുമാർ റ്റി | 144 ച.മീ., വാണിജ്യം | 1008 |
| 4662/13.06.2018 | ജയചന്ദ്രൻ നായർ | 66.71 ച.മീ., വാണിജ്യം 72.11ച.മീ, പാർപ്പിടം | 647 |
| 4776/16.06.2018 | പ്രസാദ് എം.എസ് | 265.58 ച.മീ. ഡോർമിറ്ററി | 1859 |
| 4006/19.05.2018 | ബാദുഷ | 126.72 ച.മീ, പാർപ്പിടം | 317 |
| 2859/11.04.2018 | ദിപിൻ രാജ് | 88.4ച.മീ, പാർപ്പിടം | 221 |
| 6373/19.07.2018 | സുശീല | 114.67ച.മീ, പാർപ്പിടം | 287 |
| 4823/18.06.2018 | അജിൻ കുമാർ | 94.49 ച.മീ, പാർപ്പിടം | 236 |
| ആകെ | | | 10021 |

ക്രമവത്ക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ പെർമിറ്റ് ഫീസ് ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.11.2019) സങ്കേതം സോഫ്റ്റ് വെയറിൽ ക്രമവത്ക്കരണത്തിനുള്ള ഫീസ് ഈടാക്കുമ്പോൾ രണ്ടിരട്ടി ഫീസ് മാത്രമാണ് ഡിമാന്റ് ചെയ്യപ്പെടുന്നത് എന്നും, അപേക്ഷകർ ക്രമവത്ക്കരണത്തിനായി അപേക്ഷിക്കുമ്പോൾ പെർമിറ്റിനായി അപേക്ഷിക്കുന്നില്ലായെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. പെർമിറ്റ്, ക്രമവത്ക്കരണ നടപടികൾ ചട്ടവിധേയമായിരിക്കേണ്ടതും, സോഫ്റ്റ് വെയറിലെ അപാകതകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാനും, ഗ്രാമപഞ്ചായത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2018-19 കാലയളവിൽ 80 ൽ പരം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് ക്രമവത്ക്കരിച്ച നൽകിയിട്ടുണ്ട്. ക്രമവത്ക്കരിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും ഫയൽ പരിശോധിച്ച് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതും, തുക ഈടാക്കിയതിനുള്ള രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കെട്ടിട നിർമ്മാണാനുമതി അപേക്ഷക്കായി സമർപ്പിച്ച രേഖകളുടെ ആധികാരികത ഉറപ്പാക്കാനായില്ല.

അപേക്ഷാ നമ്പർ 1566/27.02.2018 പ്രകാരം ശ്രീ. സന്തോഷ് കുമാർ, ശ്രീമതി. സീമ എന്നിവർ സംയുക്തമായി മലയിൻകീഴ് വില്ലേജിലെ റീസർവേ നം. 84/17-1 ൽപ്പെട്ട 2.02 ആർ സ്ഥലത്ത് കെട്ടിട നിർമ്മാണാനുമതിക്കായി അഭ്യർത്ഥിക്കുകയും, അനുമതി നേടുകയും ചെയ്തു. നിലവിലുണ്ടായിരുന്ന 68 ച.മീ. (കെട്ടിടം നമ്പർ രേഖപ്പെടുത്തിയിട്ടില്ല) കെട്ടിടത്തോടു 94 ച.മീ. കൂട്ടിചേർത്ത് (ആകെ 162 ച.മീ.) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതിക്കാണ് അഭ്യർത്ഥിച്ചിരുന്നത്. നിർമ്മിതിയുടെ ആകെ വിസ്തീർണം 150 ച.മീ.ൽ അധികമില്ലെങ്കിൽ മാത്രമാണ് പെർമിറ്റ് ഫീസിനു ഇളവു നൽകപ്പെട്ടിട്ടുള്ളത്. 150 ച.മീ.ൽ അധികമുള്ള കെട്ടിടങ്ങൾക്ക് ഇളവു ബാധകമല്ല. എന്നാൽ പുതുതായി നിർമ്മിക്കുന്ന 94 ച.മീ. ന് 5/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനു പകരം 2.50രൂപ നിരക്കിലാണ് പെർമിറ്റ് ഫീ ഈടാക്കിയത്. കുറവു വന്ന പെർമിറ്റ് ഫീസ് 235/-രൂപ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, മേൽ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള ആധാരത്തിന്റെ പകർപ്പിൽ ഉടമസ്ഥന്റെ പേരിനൊപ്പം തിരുത്തൽ വരുത്തി ഭാര്യയുടെ പേരു കൂടി ഉൾപ്പെടുത്തിയതായി കാണുന്നു. (ആയതിനാൽ സ്ഥലത്തിന്റെ അസ്സൽ പ്രമാണം പരിശോധനക്ക് ലഭ്യമാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആധാരം പരിശോധനക്കു ലഭ്യമായില്ല). പ്രമാണത്തിന്റെ അസ്സൽ പരിശോധിച്ച് വസ്തുവിന്റെ ശരിയായ ഉടമസ്ഥത ബോധ്യപ്പെട്ടു സാക്ഷ്യപ്പെടുത്തേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. എന്നിരിക്കിലും, തിരുത്തൽ വരുത്തിയ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണാനുമതി നൽകിയത് ക്രമവിരുദ്ധമാണ്.

## 1-16 വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല

സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് വസ്തു നികുതി യുടെ ഡിമാന്റിൽ കുറവു വന്ന 665797/- രൂപ വാർഷിക കണക്കുകളിൽ Property Tax on non-residential buildings എന്ന ഹെഡിൽ എഴുതി കുറച്ചിട്ടുണ്ട്. എന്നാൽ നികുതി ഇളവ് അനുവദിച്ചതോ, ഒഴിവാക്കപ്പെട്ടതോ ആയ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഇളവു/വർദ്ധനവ് നൽകിയ തുക, ഇളവു/വർദ്ധനവ് നൽകിയതിനുള്ള കാരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. നികുതി ഇളവ് അനുവദിക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരവും നേടിയിട്ടില്ല.

## 1-17 തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ സൂക്ഷിക്കുകയും നടപടിക്രമങ്ങൾ പാലിക്കുകയും

ചെയ്യേണ്ടതുണ്ട്.

1. ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫിസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ തദ്ദേശസ്വയംഭരണ സ്ഥാപനം സൂക്ഷിക്കണം.

2. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കണം.

3. ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേരുവിവരങ്ങളടങ്ങിയ പത്രിക സമർപ്പിക്കുകയും നികുതിയടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകണം.

4.തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യക്തികൾ/ വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകണം.

5.നോട്ടീസ് നൽകിയതിനുശേഷം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടോയെന്ന് തുടർ നിരീക്ഷണം നടത്തേണ്ടതും പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6.പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കണം.ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

7.നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5ലെ മാതൃകയിൽ സൂക്ഷിക്കണം.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31 ന് ലഭ്യമായ മറുപടിയിൽ ഫോറം 5-ലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായിട്ടുള്ളത് നിലവിൽ തൊഴിൽനികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ രജിസ്റ്ററാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് തൊഴിൽനികുതി രജിസ്റ്ററുകളും രേഖകളും സമഗ്രമായി സൂക്ഷിക്കുന്ന കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-18 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്.എന്നാൽ 2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള ചുവടെപ്പറയുന്ന കരാറുകാരുൾപ്പെടെ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.വൈശാഖ്.വി.ജെ

2.ശ്രീ.എസ്.രാജേന്ദ്രൻ

3.ശ്രീ.സുനിൽകുമാർ.ജെ.

4.ശ്രീ.ശ്രീകുമാർ

5.ശ്രീ.വിനോദ്കുമാർ

6.ശ്രീ.ശശിധരൻ.വി.

7.ശ്രീ.പുഷ്കരൻ

8.ശ്രീ.ജോണി.

9.ശ്രീ.എൽ.പ്രസന്നകുമാർ

10.ശ്രീ.അനിൽകുമാർ.എസ്.

11.ശ്രീ.ചന്ദ്രൻ.ഡബ്ളിയു

12.ശ്രീ.സജി.ഡി.

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ എല്ലാ കരാറുകാരിൽ നിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/19.11.2019) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി അറിയിച്ചുവെങ്കിലും, ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

# 1-19 ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (FACTEOS) പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ സാമ്പത്തികവർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്.എന്നാൽ 2018-19 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ 151 മുതൽ 200 വരെയുള്ള 50 അപേക്ഷകൾ പരിശോധിച്ചതിൽ 46അപേക്ഷകർ ഈ സമയക്രമം പാലിച്ചിട്ടില്ല. വിശദവിവരം അനുബന്ധം 4 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-20 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കണം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് നൽകുന്നരീതിയാണ് അവലംബിച്ചുകാണുന്നത്.

ഇതുസംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37 ന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നൽകുന്ന കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-21 ഷോപ്പിംഗ് കോംപ്ളക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ ആകെ 8കടമുറികളിൽ 1,2,6,7,8 എന്നീ മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്.3,4,5 എന്നീ മുറികളിൽ മാവേലിസ്റ്റോറുകൾ വാടകയില്ലാതെ പ്രവർത്തിക്കുന്നു. മുറി നമ്പർ 7 വാടകയ്ക്കെടുത്തിരുന്ന മലയിൻകീഴ് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്ക്, ഊരൂട്ടമ്പലം എന്ന സ്ഥാപനം 2014-15,2015-16,2016-17 സാമ്പത്തികവർഷങ്ങളിൽ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്.കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

2014-15: 925*12=11100/-

2015-16: 971*12=11652/-

2016-17: 1020*12=12240/-

ആകെ:34992/-രൂപ

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റ് എൻക്വയറി നമ്പർ 39 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി, ആവർത്തിച്ചാവശ്യപ്പെട്ടിട്ടും തുക ഒടുക്കു വരുത്താത്തതിനാൽ റവന്യൂ റിക്കവറി യിലൂടെ തുക പിരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന നോട്ടീസ് പുറപ്പെടുവിച്ചതായും എന്നാൽ കക്ഷി നോട്ടീസ് കൈപ്പറ്റിയിട്ടില്ലാത്തതായും കണ്ടു. കുടിശ്ശിക കക്ഷിയുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടെ ജില്ലാകളക്ടർക്ക് റിക്വിസിഷൻ സമർപ്പിച്ചാണ് റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടത്. പ്രസ്തുത നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 1-22 കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

എ. <u>ടെൻഡർ സ്വീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയതിന് ശേഷം കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം.</u>

വിവിധ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് ടെൻഡർ സ്വീകരിച്ച് സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാർ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം പതിനാല് ദിവസത്തിനകം പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. കാലതാമസം വരുന്ന പക്ഷം പി എ സി യുടെ ഒരു ശതമാനം പിഴ ഈടാക്കി കരാർ ചമയ്ക്കാവുന്നതാണ്. 2018-19 കാലയളവിൽ ഇപ്രകാരം പിഴ ഈടാക്കാതെ കാലാവധി കഴിഞ്ഞും കരാറിലേർപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | കരാറുകാരന്റെ പേര് (PAC) | അടങ്കൽ തുക ഫണ്ടിനം | ചെലവ് തുക/ ബിൽ | സെലക്ഷൻ നോട്ടീസ് | കരാറിൽ ഏർപ്പെട്ട തീയതി | ഈടാക്കേണ്ട പിഴ (1%) |
|---|---|---|---|---|---|---|---|

| | | | | നമ്പർ തീയതി | നൽകിയ തീയതി | | |
|---|---|---|---|---|---|---|---|
| 1 | മാർത്താണ്ഡേശ്വരം കോവിൽ റോഡ് റീ കോൺക്രീറ്റ് (SO 144/19) | ശ്രീ.വൈശാഖ് വി എസ് (287025/-) | 360000/- മെയിന്റനൻസ് ഫണ്ട് (റോഡ്) | 286894/- 401139803/ 30.01.2019 | 22.6.2018 | 12.7.2018 | 2870 |
| 2 | വാറുവിള കോളനി നടപ്പാത കോൺക്രീറ്റ് (SO 89/19) | ശ്രീ. എസ് രാജേന്ദ്രൻ (266353/-) | 267000/- മെയിന്റനൻസ് ഫണ്ട് (റോഡ്) | 266087/- 401140039/ 30.01.2019 | 27.9.18 | 24.10.2018 | 2663 |
| 3 | കരിപ്പൂര് ബണ്ടുക്കോട് റോഡ് റീ കോൺക്രീറ്റ് (SO 81/19) | ശ്രീ. സുനിൽകുമാർ ജെ (480132/-) | 96000/- (MF R) 541000 (DF) | 96000/- 401140251/ 30.01.19 384132/- 401140244/ 30.1.19 | 3.8.2018 | 15.12.2018 | 4801 |
| 4 | കുറ്റിക്കാട് കോളച്ചിറ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് ( SO116/19) | ശ്രീ.ശ്രീകുമാർ (280972) | 281000/- (MF R) | 280883/- 401326414 8.03.2019 | 10.09.2018 | 31.12.2018 | 2809 |
| 5 | വില്ലേജ് ഓഫീസ് മേൽക്കെട്ടിൽ റോഡ് റീ കോൺക്രീറ്റ് (SO133/19) | ശ്രീ. വിനോദ് കുമാർ (248268) | 250000 (MF R) | 245052/- 401014516 31.12.2018 | 28.6.2018 | 16.7.2018 | 2482 |
| 6 | കടമ്പറത്തലയ്ക്കൽ ഇടവഴി കോൺക്രീറ്റ് (SO126/18-19) | ശ്രീ.വൈശാഖ് വി എസ് 190847/- | 2450000 (MF R) | 190847/- 400942504 15.12.2018 | 22.6.2018 | 12.7.2018 | 1908 |
| 7 | അമ്പാടി നഗർ റോഡ് ഓട പുനരുദ്ധാരണം (SO128/19) | ശ്രീ.ശശിധരൻ വി 494950/- | 495000 (MFR) | 494816/- 400942642 15.12.2018 | 28.6.2018 | 16.7.2018 | 4949 |
| 8 | ആളിയോട്ട്കോണം കാരോട്ട്കോണം നടപ്പാത കോൺക്രീറ്റ് (SO101/19) | ശ്രീ. സുനിൽകുമാർ ആർ വി 314686/- | 315000 (MFR) | 314686/- 400874897 29.11.2018 | 24.9.2018 | 15.10.2018 | 3146 |
| 9 | തച്ചോട്ട് കുന്ന് പ്ലാവിള റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് (259/19) | ശ്രീ.ശ്രീകുമാർ എസ് 358255/- | 360000 (MFR) | 358255/- 401256706 25.2.2019 | 10.9.2018 | 31.12.2018 | 3582 |
| 10 | ശാന്തി നഗർ | ശ്രീ. | 420000/- (MF | 418391/- | 24.9.2018 | 25.10.2018 | 4186 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കിഴക്കേകുറുന്തോട്ടം ഇടവഴി കോൺക്രീറ്റ് (SO115/19) | ശശിധരൻ വി 418600/- | R) | 400806256 16.11.2018 | | | |
| | ആകെ | | | | | | 33396 |

ബി.. സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് 120 ദിവസം എന്നത് ടെൻഡർ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി തീരുന്നതിന് മുൻപ് ദീർഘീകരണത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രേസ് പീരിയഡ് അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം ദീർഘീകരണം ആവശ്യമായ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവിന്റെ 25% വരെ പരമാവധി ആറ് മാസം ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2112, 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയും, കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്യാതെയും ഫൈൻ ഈടാക്കാതെ കരാറുകാർക്ക് ചെലവ് തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേരും നം | കരാറുകാരൻ PAC | ചെലവ് തുക/ബിൽ നം | കരാർ / സൈറ്റ് കൈമാറിയ തീയതി | എംബുക്ക് പ്രകാരം പ്രവൃത്തിപൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (PAC യുടെ 1%) |
|---|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം മാങ്കുന്നിൽ നടപ്പാത കോൺക്രീറ്റ് (SO196/19) | ശ്രീ. പുഷ്കരൻ 249800/- | 223976/- 400138395 21.5.2018 | 20.10.2017 | 13.03.2018 | 2498 |
| 2 | അരുവിപ്പാറ കോട്ടറക്കുഴിക്ഷേത്രം റോഡ് റീടാറിംഗ്(SO205/19) | ശ്രീ. ഡി ജോണി 210282/- | 210261/- 400138387 21.05.2018 | 23.09.2017 | 13.03.2018 | 2102 |
| 3 | മച്ചിനാട് കുന്നിൻമുകള് നടപ്പാത കോൺക്രീറ്റ് (SO193/19) | ശ്രീ. എൽ പ്രസന്ന കുമാർ 389723/- | 366370/- 400138382 21.05.2018 | 26.09.2017 | 12.03.2018 | 3897 |
| 4 | മണികണ്ഠൻ നായർ വടക്കേ കരിപ്പൂർ റോഡ് സൈഡ് വാൾ നിർമ്മാണം | ശ്രീ. സുനിൽകുമാർ ജെ 489793/- | 361899/- 400942597 15.12.2018 | 28.6.2018 | 29.11.2018 | 4897 |
| 5 | നീറോട്ട്കോണം ഇടവഴി കോൺക്രീറ്റ് | ശ്രീ. അനിൽകുമാർ | 174462/- | 11.7.2018 | 12.2.2019 | 2257 |

| | | | | | | |
|---|---|---|---|---|---|---|
| | (SO102/19) | എസ് 225713/- | 401292980 2.3.2019 | | | |
| 6 | വേലിക്കോട് ചരൽ വിള റോഡ് റീ കോൺക്രീറ്റ് (124/19) | ശ്രീ. അനിൽകുമാർ എസ് 324636/- | 243477/- 401292875 2.3.2019 | 11.7.2018 | 14.2.2019 | 3246 |
| 7 | ആര്യഹോളോ ബ്രിക്സ് ഇടവഴി കോൺക്രീറ്റ്(so118/19) | ശ്രീ. അനിൽകുമാർ എസ് 285851/- | 214000/- 401140393 30.1.2019 | 11.7.2018 | 17.1.2019 | 2858 |
| 8 | ആമ്പാടി നഗർ റോഡ് ഓട പുനരുദ്ധാരണം (so128/18-19) | ശ്രീ.ശശിധരൻ വി 494816/- | 494816/- 400942642 15.12.18 | 16.7.2018 | 4.12.2018 | 4948 |
| 9 | കോട്ടില് വിള നടപ്പാത കോൺക്രീറ്റ് (SO72/19) | ശ്രീ. ചന്ദ്രൻ ഡബ്ല്യൂ 199116/- | 191683/- 400874816 29.11.2018 | 12.7.2018 | 23.11.2018 | 1991 |
| 10 | അന്തിയൂർക്കോണം വാഴവിള റോഡ് സെക്കന്റ് മെറ്റലിംഗ് (211/18-19) | ശ്രീ. സജി സി 249471/- | 249446/- 400272285 28.6.2018 | 26.9.2017 | 16.5.2018 | 2494 |
| | | | | | ആകെ | 31188 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (35/19 20.11.2019, 48/19 21.11.2019) മറുപടിയായി കരാറുകാർക്ക് നോട്ടീസ് നൽകി ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഫൈൻ ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-23 സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ

GO(P) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലെ പേജുകളിൽ ഒരുമിച്ചു എഴുതിച്ചേർക്കുകയും, വിതരണ വിവരങ്ങൾ കൈപ്പറ്റുന്ന വ്യക്തിയുടെ കൈയ്യൊപ്പ് കൂടാതെയുമാണ് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് നാളിതുവരെ

വാങ്ങിയിട്ടുള്ള സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വിവരം രജിസ്റ്ററുകളിൽ നിന്നും ലഭിക്കുകയില്ല. ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധനസാമഗ്രികളുടെ വിവരങ്ങൾ (ഗ്രാമസഭാ നോട്ടീസുകൾ, ഗുണഭോക്തൃഫോമുകൾ, മറ്റു നോട്ടീസുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവയുടെയെല്ലാം) ഇൻഡക്സ് പേജ് പോലും തയ്യാറാക്കാതെ ഒരുമിച്ച് എഴുതിച്ചേർത്തിരിക്കുന്നു. ഉദാഹരണമായി ഗ്രാമപഞ്ചായത്ത് 2014-15 പദ്ധതിയുടെ ഭാഗമായി പ്രസിഡന്റ്, എ.ഇ. എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങി നല്കിയിട്ടുണ്ട് (പ്രോ നം. 11/15). 2018-19 ലെ പദ്ധതി പ്രകാരവും (പ്രോ.നം. 65/19) ഗ്രാമപഞ്ചായത്ത് ഒരു acer laptop വാങ്ങിയിട്ടുണ്ട്. പ്രസ്തുത ലാപ് ടോപ്പ് എൽ.എസ്.ജി.ഡി. എ.ഇ.ക്കു കൈമാറിയതായാണ് നടപ്പു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് (എ.ഇ. സാക്ഷ്യപ്പെടുത്തിയിട്ടില്ല). 2014-15 ൽ വാങ്ങിയ ലാപ് ടോപ്പുകളുടെ വിവരം നടപ്പു സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ല.

കൂടാതെ, സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോറുകൾ പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അധികമായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക പ്രവൃത്തി പൂർത്തിയായിട്ടും തിരികെ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ, 'providing additional plug points and DB in the Office of the Malayinkeezhu Panchayat' എന്ന പ്രവൃത്തിക്കായി 9,55,000/- രൂപ PWD ക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചതായും ആകെ 8,79,459/- രൂപ ചെലവു വന്നതായും അറിയിച്ച് പി.ഡബ്ല്യു.ഡി. തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും 01.03.2019 തീയതിയിൽ ഇ.ഡി.റ്റി/എ1/എസ്.പി./363/2018-19 നമ്പർ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി വന്ന തുക 75,541/-രൂപ ഗ്രാമപഞ്ചായത്തിന് ഇനിയും ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ഫൈനൽ ബിൽ വാങ്ങി പരിശോധിക്കേണ്ടതും, പദ്ധതിക്കായി നിക്ഷേപിച്ചതിൽ ബാക്കി വന്ന തുക തിരികെ ഈടാക്കി വിനിയോഗിച്ച ഫണ്ടിനത്തിൽ ഒടുക്കേണ്ടതുമാണ്.

## 1-25 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ B18 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

1) വൗച്ചർ നമ്പർ 21800979 തീയതി 08.11.2018പ്രകാരം ടൂർ ടിഎ മുൻകൂർ ആയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു നൽകിയ6000/- രൂപ.

2) 460500501 (Advance to Implementing Officers) എന്ന ഹെഡിൽ നിന്നും അനുവദിച്ചതിൽ 2255/- രൂപ.

3) കൂടാതെ, വൗച്ചർ നം. 21801407/25.01.2019 പ്രകാരം എം.എൻ.ആർ.ഇ.ജി.എസ്. നു അനുവദിച്ച 5569/- രൂപയുടെ മുൻകൂർ ക്രമീകരിച്ചിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.1/14.11.2019, 4/15.11.2019) ക്രമ നം.1 പ്രകാരം അനുവദിച്ച തുക ടി.എ. ക്ലെയിം ചെയ്യുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന്

മറുപടി ലഭ്യമാക്കി. ക്രമ.നം.2 പ്രകാരമുള്ള മുൻകൂർ ഓഡിറ്റ് പൂർത്തിയാകുന്നതിനുള്ളിൽ തുക ക്രമീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയെങ്കിലും, തുടർന്ന് വിവരം/രേഖകൾ ലഭ്യമാക്കിയില്ല.

യാത്രാബത്ത ക്ലയിമുകൾ യാത്ര തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ യാത്രാ ഡയറി നൽകി സമർപ്പിക്കാത്ത പക്ഷം യാത്രബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. കൂടാതെ സ.ഉ(പി), 419/2011/ധന, തീയതി 04.10.2011 പ്രകാരം മുൻകൂറുകൾ തുക അനുവദിക്കുന്ന തീയതി മുതൽ മൂന്ന മാസത്തിനുള്ളിൽ ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതും, അല്ലാത്തപക്ഷം മുൻകൂർ അനുവദിക്കുന്ന തീയതി മുതൽ 18% നിരക്കിൽ പിഴയോടുകൂടി തിരികെ ഈടാക്കേണ്ടതുമാണ്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും, തുക പലിശ സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-26 വാഹന ഇൻഷ്വറൻസ് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ബഡ്സ് സ്കൂളിന്റെ വാഹന ഇൻഷ്വറൻസ് എടുത്തിരിക്കുന്നത് New India Insurance company യിൽ നിന്നാണ്. സർക്കാർ ഉത്തരവ് (പി) നം. 819/ഫിൻ/2000, തീയതി, 18-04-2000 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാഹന ഇൻഷ്വറൻസ് എടുക്കേണ്ടത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.61/22-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ സർക്കാർ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്.

# 1-27 യു. ഐ. ടി. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജും വെള്ളക്കരവും പഞ്ചായത്ത് നൽകുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള ആനപ്പാറ ഗസ്റ്റ് ഹൗസിൽ യു.ഐ. ടി. പ്രവർത്തിക്കുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൽ വൈദ്യുതി ചാർജ്ജും വെള്ളക്കരവും പഞ്ചായത്താണ് ഒടുക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.60/22-11-2019) മറുപടി ലഭ്യമാക്കിയില്ല. മറ്റൊരു സ്ഥാപനത്തിന് പ്രവർത്തിക്കാൻ വിട്ടു നൽകിയ കെട്ടിടത്തിന്റെ ആവർത്തന ചെലവുകൾ ഗ്രാമപ്പഞ്ചായത്ത് വഹിക്കുവാൻ പാടില്ല.

# 1-28 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - ആസൂത്രണം, മോണിട്ടറിംഗ് അപാകതകൾ

എ) <u>5 ലക്ഷം രൂപയിലധികം അടങ്കലുള്ള പദ്ധതികൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.</u>

5ലക്ഷം രൂപയോ, അതിലുമധികമോ അടങ്കൽ തുക വരുന്ന എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്ക് ഇടെണ്ടർ നടപടികൾ സ്വീകരിക്കാതെ മാന്വൽ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ

a) പ്രോ. നം. 228/19 തെരുവു വിളക്കു മെയിന്റനൻസ് (പദ്ധതി അടങ്കൽ - 8ലക്ഷം, നിർവഹണാധികാരി- സെക്രട്ടറി)

b) പ്രോ. നം. 43/19 തെരുവ് വിളക്ക് മെയിന്റനൻസ് (പദ്ധതി അടങ്കൽ - 6.5ലക്ഷം, നിർവഹണാധികാരി- സെക്രട്ടറി)

c) പ്രോ. നം. 231/19 എൽ.ഇ.ഡി. ലൈറ്റ് വാങ്ങൽ (പദ്ധതി അടങ്കൽ - 5.9ലക്ഷം, നിർവഹണാധികാരി- സെക്രട്ടറി)

ബി) പ്രൊക്യൂർമെന്റ് കമ്മിറ്റി ഫലപ്രദമല്ല.

പദ്ധതിയുടെ ഭാഗമായുള്ള വാങ്ങൽ നടപടികൾ ഏകോപിപ്പിക്കുന്നതിനും, ഗുണനിലവാരമുള്ള സാധനങ്ങളും സേവനങ്ങളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് നിർവഹണാധികാരികളെ സഹായക്കുന്നതിലേക്കുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി നിർജ്ജീവമാണ്. 2018-19-ൽ ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി 30.06.2018-നു മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഏതൊക്കെ പദ്ധതികൾക്ക് വാങ്ങൽ നടപടികൾ സ്വീകരിക്കണമെന്നു മാത്രമാണ് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള വാങ്ങൽ നടപടിക്രമങ്ങൾ, ടെണ്ടറുകൾ, ടാബുലേഷൻ രേഖകൾ എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയോ, ഭരണസമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല.

സി) മോണിറ്ററിംഗ് നടത്തിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളൊന്നും തന്നെ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.

# 1-29 ഐ.കെ.എം. നുള്ള പ്രവർത്തനഫണ്ട് വിഹിതം - കൃത്യത ഉറപ്പാക്കേണ്ടതാണ്.

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന് പദ്ധതിയിനത്തിൽ ആകെ 37844681/- രൂപ ലഭിച്ചിട്ടുണ്ട്. അതായത്, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. നുള്ള വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 94611/- രൂപ മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലേക്കായി 117143/-രൂപ ഒടുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/18.11.2019) സംസ്ഥാന ബജറ്റിൽ പ്ലാൻ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്തിട്ടുള്ള തുകയുടെ 0.25% ആണ് ഐ.കെ.എം. നു ഒടുക്കിയിട്ടുള്ളതെന്നു മറുപടി ലഭ്യമാക്കി. ബജറ്റ് പ്രകാരം അലോട്ട് ചെയ്യുന്ന തുക പൂർണമായും ഗ്രാമപഞ്ചായത്തിന്റെ വരവായി ലഭിച്ചിട്ടില്ലാത്തതിനാലും, ഒരു സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിനു ലഭിക്കുന്ന ആകെ പദ്ധതി തുക എന്നത് സാമ്പത്തിക വർഷാവസാനത്തിൽ മാത്രമേ തിട്ടപ്പെടുത്തുവാൻ സാധിക്കുവെന്നതിനാലും ഈ വിഷയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും സ്പഷ്ടീകരണം സ്വീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 ആറാട്ടു മഹോത്സവം - ശുചീകരണ പ്രവർത്തനങ്ങൾ ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ആറാട്ട് മഹോത്സവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷത്തിൽ രണ്ടു പദ്ധതികളിലായി ആകെ 52,270/- രൂപ തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ.

1)പ്രോ. നം. - 301/19 മലയിൻകീഴ് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ആറാട്ട് - ജംഗ്ഷനും ആറാട്ടു വഴികളും ശുചീകരണവും, കുടിവെള്ള വിതരണവും.

പദ്ധതി അടങ്കൽ - 50000/- രൂപ തനതു ഫണ്ട്

ചെലവു തുക - 34,000/- രൂപ (ചെക്ക് നം. 227650/29.03.2019)

പദ്ധതി ഫയലിൽ ആകെ 18,197/- രൂപയുടെ മസ്റ്റർ റോൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മസ്റ്റർ റോളിൽ പ്രവൃത്തിയിലേർപ്പെട്ട തീയതി, തൊഴിലാളികളുടെ കൈയൊപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രതീക്ഷിത ചെലവ്, വാല്യുവേഷൻ തുടങ്ങിയ രേഖകളും തയ്യാറാക്കിയില്ല.

2) പ്രോ. നം. - 237/19 മലയിൻകീഴ് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ആറാട്ടു മഹോത്സവം-ജംഗ്ഷൻശുചീകരണം, കുടിവെള്ള വിതരണം, അനുബന്ധ പ്രവർത്തനങ്ങൾ.

പദ്ധതി അടങ്കൽ - 40000/- രൂപ തനതു ഫണ്ട്

ചെലവു തുക - 18270/- രൂപ (ചെക്ക് നം. 217436/13.04.2018)

പ്രോജക്ട് ഫയൽ, ചെലവു രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായില്ല.

തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ചതിൽ ആകെ 18197/- രൂപയുടെ ആധികാരികമല്ലാത്ത രേഖകളാണ് ഓഡിറ്റ് പരിശോധനക്ക് ലഭിച്ചിട്ടുള്ളത്. രേഖകളും ഫയലും ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18.11.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിലും, പദ്ധതികൾക്കായി സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിട്ടില്ലാത്തതിനാലും മേൽ പദ്ധതികൾക്കായി ചെലവു ചെയ്ത 52,270/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

# 1-31 നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ

നിക്ഷേപ പ്രവൃത്തികൾക്കായി തുക നിർവഹണ ഏജൻസിക്കു കൈമാറുന്നതിനു മുൻപായി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി കരാറിലേർപ്പെടേണ്ടതാണെങ്കിലും, കെ.എസ്.ഇ.ബി. മുഖാന്തിരം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ ഈ നടപടിക്രമങ്ങൾ പാലിച്ചില്ല.

| പ്രോ. നം., പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവു തുക | മറ്റു അപാകതകൾ |
|---|---|---|---|
| 46/19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 125000 വികസന ഫണ്ട്<br>50000 തനതു ഫണ്ട് | 117383<br>46905 | ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതിലുമധികമായി തുക കൈമാറി.<br>LT PSC MV 24/9, MV 24/12, MP 75/1, MP 75/2 എന്നീ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു തനതു ഫണ്ടിൽ നിന്നും 33318/- രൂപ (ചെക്ക് നം. 225201/17.01.2019) കെ.എസ്.ഇ.ബി, മലയിൻകീഴ് സെക്ഷനു കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിലേക്കായി കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള എസ്റ്റിമേറ്റ് ആകെ 26,716/- രൂപയുടേതാണ്. 7142/- രൂപ അധികമായി അനുവദിച്ചു. |
| 229/19, ലൈൻ എക്സ്റ്റൻഷൻ | 50722 ധനകാര്യ കമ്മിഷൻ അവാർഡ് | 30774 | |
| 6/19, ലൈൻ | 1000000ധനകാര്യ | 453764 | |

| | | | |
|---|---|---|---|
| എക്സ്റ്റൻഷൻ | കമ്മിഷൻ അവാർഡ് | | |
| ആകെ | | 648826 | |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം.22/18.11.2019, 27/18.11.2019) ഓഡിറ്റ് അന്വേഷണം 27 ന് നിക്ഷേപ പ്രവൃത്തികൾ ഒട്ടു മിക്കവാറും പൂർത്തിയായി വരുന്നതായും, പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തിയുടെ ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമാകാത്തതിനാൽ മേൽ പദ്ധതികൾ പ്രകാരമുള്ള ആകെ ചെലവു തുക 6,48,826/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-32 ഹരിത കർമ്മസേന രൂപീകരണം, നടത്തിപ്പ് - മാലിന്യ സംസ്കരണത്തിനു പ്രതിവിധി കണ്ടെത്താനായില്ല – ഭരണ സമിതി അതീവ ശ്രദ്ധ നൽകണം.

ഹരിത കർമ്മസേന രൂപീകരിക്കലും തുടർപ്രവർത്തനവും പദ്ധതി (68/2019) പ്രകാരം 414873/- രൂപ വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ, പ്രവർത്തന ഫണ്ട് ശേഖരണം, വിനിയോഗ രേഖകൾ എന്നിവ അനുസരിച്ച് 2019 ഏപ്രിൽ മാസം മുതലാണ് ഹരിത കർമ്മസേന അജൈവ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നാൽ 2018-19 കാലയളവിൽ മൂന്നു മാസകാലയളവിലേക്ക് ഹരിത കർമ്മസേന പ്രവർത്തകർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് പ്രതിമാസം 3000/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഓണറേറിയം അനുവദിക്കുന്നതിന് ഭരണസമിതി അംഗീകാരം നേടിയിട്ടില്ല.

കൂടാതെ, സ.ഉ.(സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നിശ്ചിത ഇടവേളകളിൽ ശേഖരിക്കണമെന്നും, ഇതിനായി ക്ലീൻ കേരള തദ്ദേശസ്ഥാപനവുമായി കരാറിലേർപ്പെടണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇതിലേക്കായി ഗ്രാമപഞ്ചായത്തിന് ക്ലീൻ കേരളയുമായോ, മറ്റേതെങ്കിലും ഏജൻസിയുമായി കരാറിലേർപ്പെടുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.33/19.11.2019) അജൈവമാലിന്യം സംസ്കരിക്കുന്നതിനായി സ്ഥായിയായ പ്രതിവിധി കണ്ടെത്താനായിട്ടില്ലായെന്നും, മാലിന്യം കുമിഞ്ഞു കൂടുന്നതിനനുസരിച്ച് ആയത് നീക്കം ചെയ്യുന്നതിലേക്ക് വളരെയധികം അന്വേഷണം നടത്തിയശേഷം ഒരു ഏജൻസിയെ കണ്ടെത്തുകയും, അവർക്ക് പ്രതിഫലം നൽകി മാലിന്യം നീക്കം ചെയ്യുകയാണ് ചെയ്യുന്നതെന്നും, ഇതിലേക്കായി ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. അജൈവ മാലിന്യം ഉറവിടത്തിൽ നിന്നും ശേഖരിക്കുന്നതിനു സാധിച്ചിട്ടുണ്ടെങ്കിലും, മാലിന്യ സംസ്കരണം, പുനരുപയോഗം എന്നിവയ്ക്ക് സ്ഥായിയായ പരിഹാരം കണ്ടെത്താനായിട്ടില്ലായെന്ന വസ്തുത ഭരണസമിതി ഉൾക്കൊണ്ട് കൂടുതൽ ശ്രദ്ധ നൽകണം.

# 1-33 വിദ്യാർത്ഥികൾക്ക് അവധിക്കാല കായിക പരിശീലനം - ഭക്ഷണച്ചെലവ് നിർവഹിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടണം

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വേനലവധിക്കാലത്ത് കായിക പരിശീലനം നൽകുന്ന വേളയിൽ

ലഘുഭക്ഷണം നൽകുന്നതിനാണ് (പ്രോജക്ട് നം. 244/19) അവധിക്കാല കായിക പരിശീലനം നൽകൽ എന്ന പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം 46308/- രൂപ (ചെക്ക് നം.221212/2.08.2018) തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ കായിക പരിശീലനം നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ, വിദ്യാർത്ഥികളുടെ ഹാജർ, പരിശീലകരെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/19.11.2019) ഹാജർ രേഖകൾ ഫയലിൽ ഉണ്ടെന്നറിയിച്ചുവെങ്കിലും ഫയലിൽ രേഖകൾ ലഭ്യമായിരുന്നില്ല. പദ്ധതിക്കായി സന്നദ്ധ സംഭാവന/മറ്റു രീതികളിൽ ഫണ്ട് കണ്ടെത്തുവാൻ ശ്രമിക്കാവുന്നതോ, അല്ലാത്തപക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി പദ്ധതി നടപ്പാക്കാവുന്നതോ ആണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 പദ്ധതി രൂപീകരണം, മോണിട്ടറിംഗ് - ചെലവു രേഖകൾ ലഭ്യമായില്ല

പദ്ധതി രൂപീകരണം, മോണിട്ടറിംഗ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്ത് 3,50,000/- രൂപ തനതു ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. പദ്ധതിയുടെ ആകെ ചെലവ് 345072/- രൂപയാണ്. പദ്ധതിയുടെ ചെലവുവിവരങ്ങൾ ചുവടെ.

| ചെക്ക് നം./തീയതി | തുക | ചെലവു വിശദാംശം |
|---|---|---|
| 217607/27.04.2018 | 39500 | ഭക്ഷണം |
| 218578/24.05.2018 | 15922 | - |
| 219379/27.06.2018 | 25600 | പത്രപരസ്യം - മാതൃഭൂമി |
| 219391/02.07.2018 | 15221 | പത്രപരസ്യം - കേരള കൗമുദി |
| 220478/19.07.2018 | 17136 | പത്രപരസ്യം - മാതൃഭൂമി |
| 221223/30.08.2018 | 3696 | പത്രപരസ്യം - മംഗളം |
| 221232/11.09.2018 | 5569 | പത്രപരസ്യം - മാതൃഭൂമി |
| 222194/01.10.2018 | 5569 | പത്രപരസ്യം - മാതൃഭൂമി |
| 223946/10.10.2018 | 15220 | പത്രപരസ്യം - കേരള കൗമുദി |
| 224016/14.11.2018 | 22500 | കല പ്രസ് പ്രിന്റിംഗ് ചാർജ്ജസ് |
| 224021/16.11.2018 | 10925 | കല പ്രസ്- ഗ്രാമസഭാ നോട്ടീസ് അച്ചടിച്ചത് |
| 224020/16.11.2018 | 5605 | എസ്.എൻ. പ്രിന്റേഴ്സ് |
| 224045/29.11.2018 | 7610 | പത്രപരസ്യം - കേരള കൗമുദി |
| 225229/30.01.2019 | 7610 | പത്രപരസ്യം - കേരള കൗമുദി |
| 225230/30.01.2019 | 3998 | പത്ര പരസ്യം- ദേശാഭിമാനി |
| 225228/30.01.2019 | 10450 | കല പ്രസ് |
| 224585/24.12.2018 | 13750 | 2019-20 വികസന സെമിനാർ ഉച്ചഭക്ഷണം |
| 224584/24.12.2018 | 3150 | ലഘു ഭക്ഷണം |
| 217438/17.04.2018 | 8032 | പത്രപരസ്യം - മാതൃഭൂമി |
| 217439/07.04.2018 | 9442 | പത്രപരസ്യം - കേരള കൗമുദി |
| 217440/17.04.2018 | 45000 | കല പ്രസ്,പദ്ധതി രേഖ അച്ചടിച്ചത് |
| 217596/25.04.2018 | 34650 | - |
| 221223/30.08.2018 | 3696 | - |

| | | |
|---|---|---|
| 220517/04.08.2018 | 15221 | പത്രപരസ്യം - കേരള കൗമുദി |

ഇതിൽ ചെക്ക് നം. 220517/04.08.2018 പ്രകാരം ചെലവ് ചെയ്ത 15221/-രൂപയുടെ ചെലവ് രേഖയായി ചെക്ക് നം.2193391 പ്രകാരം ഒടുക്കിയ തുകയുടെ അസ്സൽ കൈപ്പറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ശരിയായ ചെലവ് രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/19.11.2019) വൗച്ചർ പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പദ്ധതിക്കായി വിനിയോഗിച്ച തുകകളുടെ വൗച്ചറുകൾ ഒരുമിച്ച് ക്രോഡീകരിക്കേണ്ടതും, പത്ര പരസ്യചെലവിനത്തിൽ ഡ്യൂപ്ലിക്കേഷൻ വന്നിട്ടുണ്ടോയെന്ന പരിശോധിക്കേണ്ടതുമാണ്. അധികമായി തുക ചെലവ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനോ, ക്രമപ്പെടുത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി ഗ്രാമപഞ്ചായത്തിന തൻവർഷം രണ്ടു പദ്ധതികളാണുണ്ടായിരുന്നത്. വിശദവിവരം ചുവടെ.

| | |
|---|---|
| പ്രോ. നം. 43/19 തെരുവ് വിളക്ക മെയിന്റനൻസ് | പ്രോ. നം. 228/19 തെരുവു വിളക്ക മെയിന്റനൻസ് (സ്പിൽ ഓവർ) |
| പദ്ധതി അടങ്കൽ - 650000 | സ്പിൽ ഓവർ പദ്ധതി അടങ്കൽ - 495000 (2017-18 വർഷ അടങ്കൽ 800000) |
| ചെലവു തുക -130000/- | ചെലവു തുക -495000/- (തൻവർഷം) |
| ബിൽ നം, 58/18-19/street light dated 19.03.2019 | ചെക്ക് നം. 218576/22.5.18-163350, 221203/20.08.2018-163350, 224047/30.11.2018-163350(ജി.എസ്.ടി.കുറവ് ചെയ്തശേഷം) |
| കരാറുകാരൻ - കെ.എസ്. പ്രസാദ് | കരാറുകാരൻ - സുരേഷ് കുമാർ പി |
| നിർവ്വഹണം | സെക്രട്ടറി |

<u>പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ</u>

എ) 5 ലക്ഷം രൂപയിലധികം അടങ്കൽ ഉള്ള മേൽ പദ്ധതികൾക്ക് ഇടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും മാന്വൽ ടെണ്ടറുകളാണ് സ്വീകരിച്ചത്.

ബി) സർക്കുലർ നം. 3055/ഡിഎ3/2011/തസ്വഭവ തീയതി 15.09.2011 പ്രകാരം കരാർ തുകയുടെ 10% തുകയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 5% തുക മാത്രമാണ് ഗ്രാമപഞ്ചായത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈടാക്കിയിട്ടുള്ളത്.

സി) 07.11.2017-ലെ സർക്കുലർ നമ്പർ 177/ഡി.എ3/2016/തസ്വഭവ പ്രകാരം, ബില്ലുകളിൽ നിന്നും 10% റീടെൻഷൻ കുറച്ച ശേഷമാണ് തുക അനുവദിക്കേണ്ടത്, അപ്രകാരമുള്ള ഇളവ് വരുത്താതെയാണ് ഗ്രാമപഞ്ചായത്ത് ബില്ലുകൾ പാസ്സാക്കി തുക നൽകിയത്.

ഡി) പ്രവൃത്തിക്കായി കരാറിലേർപ്പെട്ട ശേഷം കരാർ തുക നാലു തുല്യ ഗഡുക്കളായി കൈമാറി. ഇപ്രകാരം തുക കൈമാറുന്നതിന കരാറുകാരൻ നൽകുന്ന ബിൽ, ഏതൊക്കെ വിളക്കുകളിൽ അറ്റകുറ്റപ്പണികൾ നിർവഹിച്ചുവെന്ന സ്റ്റേറ്റ്മെന്റ്, തെരുവു വിളക്കുകൾ അറ്റകുറ്റപ്പണികൾ ചെയ്തതായുള്ള മോണിട്ടറിംഗ് സമിതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവയൊന്നും കൂടതെയാണ് തുക കൈമാറിയിട്ടുള്ളത്.

ഇ) തെരുവ് വിളക്കുകളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്ത് പരിപാലിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയതിനുള്ള രേഖകളും ലഭ്യമായില്ല. തെരുവ് വിളക്ക് പരാതി രജിസ്റ്ററിൽ 2018-19 ൽ ആകെ 9 പരാതികൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ കുറ്റമറ്റ രീതിയിൽ നിർവഹിച്ചിട്ടുള്ളതായി ഉറപ്പാക്കാനായിട്ടില്ല. ഭാവിയിൽ ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കിയ ശേഷം മാത്രം പദ്ധതി ചെലവ് ചെയ്യേണ്ടതാണെന്നും, ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവ് ചെയ്ത 625000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-36 ടെണ്ടർ ക്ഷണിച്ച് നടപ്പാക്കേണ്ടിയിരുന്ന പദ്ധതി ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിച്ചു - ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോ. നം. 236/19 എൽ.പി.ബി.എസ് സ്മാർട്ട് ക്ലാസ്സ് റൂം വയറിംഗ്

അടങ്കൽ തുക - 176951 തനത് ഫണ്ട്

ചെലവ് തുക - 168338/- രൂപ

നിർവഹണാധികാരി - സെക്രട്ടറി

ചെക്ക് നം/തീയതി – 223950/15.10.2018 – തുക – 164972/- (3366/- നികുതി ഒഴികെ)

എൽ.പി.ബി.എസിന്റെ സ്മാർട്ട് ക്ലാസ്സ് റൂം വയറിംഗിനായി ആവിഷ്കരിച്ച പദ്ധതിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നേരിട്ട് നിർവഹണം നടത്തുന്നതിനുള്ള അംഗീകാരമാണ് ലഭിച്ചിരുന്നത്. എന്നാൽ 10.11.2017 ൽ സെക്രട്ടറി എച്ച്.എം. നോട് പദ്ധതി പി.റ്റി.എ മുഖാന്തിരം നിർവഹിക്കുവാൻ നിർദ്ദേശിക്കുകയും, 25.11.2017 ൽ എച്ച്.എം., പി.റ്റി.എ.ക്കു വേണ്ടി സെക്രട്ടറിയുമായി കരാറിലേർപ്പെട്ട് പ്രവൃത്തി നിർവഹിക്കുകയും ചെയ്തു. പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 95,049/- രൂപ തനതുഫണ്ടിൽ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അംഗീകൃത പദ്ധതിക്കു വിരുദ്ധമായി ഗുണഭോക്തൃസമിതിയെ നിർവ്വഹണ ചുമതലയേൽപ്പിച്ചു.

ബി) പി.റ്റി.എ. മുഖാന്തിരം പ്രവൃത്തി നിർവഹിക്കുമ്പോൾ വരവ്, ചെലവ് കണക്കുകൾ പി.റ്റി.എ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ചെലവിനാധാരമായ രേഖകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ എന്നിവയും ലഭ്യമാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി ഫയലിൽ ആകെ 61500/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. വരവ് ചെലവ് കണക്കുകൾ പിറ്റിഎ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/20.11.2019) മറുപടി ലഭ്യമാക്കിയില്ല.

അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തി നിർവഹിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, പ്രവൃത്തിയുടെ ചെലവ് രേഖകൾ പരിശോധനക്കു ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 1,68,338/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-37 ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വിതരണ രേഖകളിലെ അപാകതകൾ - 104198/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോ. നം. 65/19 ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ തുക - 350000 മെയിന്റനൻസ് റോഡിതരം

ചെലവ് തുക - 261596/-

ബിൽ നം. 38/18-19/ computer തീയതി 18.12.2018 - 209000/-

ബിൽ നം. 34/18-19/computer purchase തീയതി 27.11.2018 - 52596/-

നിർവഹണാധികാരി - സെക്രട്ടറി

കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് 10 ഡെസ്ക്ടോപ്പുകൾ 35000/- രൂപ നിരക്കിൽ വാങ്ങുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 5 ഡെസ്ക് ടോപ്പുകൾ, 1 ലാപ് ടോപ്പ്, 3 ലേസർ പ്രിന്ററുകൾ, 2 സ്കാനർ, 1യു.പി.എസ്. എന്നിവയാണ് പദ്ധതി പ്രകാരം വാങ്ങിയത്. പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു.

| | കുറഞ്ഞ നിരക്ക് | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം |
|---|---|---|
| ഡെസ്ക് ടോപ്പ് | 29900 | അഡ്കോം സിസ്റ്റംസ് |
| ലാപ് ടോപ്പ് | 28000 | പവർ സിഎംഎസ് ടെക് നോളജി |
| പ്രിന്റർ | 8199 | ഗ്ലോബൽ മാർക്ക് |
| സ്കാനർ | 4500 | അഡ്കോം സിസ്റ്റംസ് |
| യുപിഎസ് | 50500 | അഡ്കോം സിസ്റ്റംസ് |

ഇതുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇപ്രകാരമാണ്.

- i3 processor 7th generation 4GB DDR4 Ram, 1TB hard disk.....windows processor latest version സ്പെസിഫിക്കേഷനിലെ ഡെസ്ക്ടോപ്പ് ആയിരുന്നു ടെണ്ടർ പ്രകാരം ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അഡ്കോം സിസ്റ്റംസ് ലഭ്യമാക്കിയിട്ടുള്ളത് linux ഓപ്പറേറ്റിംഗ് സിസ്റ്റം ആണ്. ഗ്രാമപഞ്ചായത്ത് ഈ സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടിരുന്നില്ല. ആവശ്യപ്പെട്ടിരുന്ന windows ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് സ്ഥാപനം നൽകിയ നിരക്ക് മറ്റു ടെണ്ടറർമാർ നൽകിയിതിലും കൂടുതലാണ്.
- സ്കാനറിന് 5 വർഷ വാറന്റിയാണ് അവശ്യപ്പെട്ടിരുന്നത്. അഡ്കോം നൽകിയിട്ടുള്ളത് 1 വർഷ വാറന്റി മാത്രമാണ്.
    - വാങ്ങൽ നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചില്ല. ടെണ്ടറുകൾ, ടാബുലേഷൻ രേഖകൾ എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയോ, ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. പദ്ധതി പ്രകാരമുള്ള വാങ്ങലിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയതിനുള്ള രേഖകളും ലഭ്യമായില്ല.
        - വാങ്ങിയ കമ്പ്യൂട്ടറുകളും, ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിനും, സ്ഥാപനങ്ങൾക്ക് കൈമാറിയതിനുമുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനക്ക ലഭ്യമായില്ല. ഉപകരണങ്ങൾ വിതരണം ചെയ്തതു സംബന്ധിച്ച

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഘടകസ്ഥാപനങ്ങളുടെ മേലധികാരികൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | വാങ്ങിയ എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിതരണം | നിർവഹണാധികാരികളുടെ സാക്ഷ്യപത്രം പ്രകാരമുള്ള വിതരണം | വിതരണ രേഖകൾ ലഭ്യമല്ലാത്ത ഉപകരണങ്ങളുടെ വിവരം |
|---|---|---|---|---|
| ഡെസ്ക് ടോപ്പ് | 5 | 2- വി.ഇ.ഒ.<br>2-എ.ഇ., എൽ.എസ്. ജി.ഡി.<br>1-രേഖപ്പെടുത്തിയിട്ടില്ല | 1- വി.ഇ.ഒ.<br>2-എ.ഇ., എൽ.എസ്. ജി.ഡി. | 2 |
| ലാപ് ടോപ്പ് | 1 | 1-എ.ഇ.,എൽ.എസ്. ജി.ഡി. | - | 1 |
| പ്രിന്റർ | 3 | 1- കൃഷി ഓഫീസ്<br>2- രേഖപ്പെടുത്തിയിട്ടില്ല | 1- കൃഷി ഓഫീസ് | 2 |
| സ്കാനർ | 2 | 1- വെറ്റിനറി സർജൻ<br>1-എ.ഇ., എൽ.എസ്. ജി.ഡി. | 1- വെറ്റിനറി സർജൻ<br>1-MNREGS | - |
| യുപിഎസ് | 1 | രേഖപ്പെടുത്തിയിട്ടില്ല | 1-MNREGS | - |

2 ഡെസ്ക് ടോപ്പുകൾ, 1 ലാപ് ടോപ്പ്, 2 പ്രിന്റർ എന്നിവ ആർക്കു വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. എച്ച്.എം, മെഡിക്കൽ ഓഫീസർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരും പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/20.11.2019) മറുപടി ലഭ്യമാക്കിയില്ല. ഘടക സ്ഥാപനങ്ങൾക്കു കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങുന്നതിനായി പദ്ധതി ആവിഷ്കരിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും, വാങ്ങേണ്ട ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതും വാങ്ങിയ ഉപകരണങ്ങൾ യഥാവിധി സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയതും, ഉപകരണങ്ങൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾ ഉപയോഗ പ്രദമാക്കിയിട്ടുള്ളതായും രേഖാമൂലം ഉറപ്പാക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി വിനിയോഗിച്ചതിൽ 104198/- രൂപയുടെ ചെലവ് (2x29900+1x28000+2x8199) തടസ്സപ്പെടുത്തുന്നു.

# 1-38 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നാളിതുവരെയും പൂർത്തിയാക്കി രേഖകൾ ലഭ്യമായിട്ടില്ല.

| പ്രോ. നം. പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവു തുക | മറ്റു അപാകതകൾ |
|---|---|---|---|
| പ്രോ. | 302000 | 260000/- | പ്രവൃത്തിക്കായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ള |

| | | | |
|---|---|---|---|
| നം. 230/19 പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മിഷൻ അവാർഡ് | | എസ്റ്റിമേറ്റിൽ 12.5% നിരക്കിലാണ് സെന്റേജ് ചാർജ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ.ഉ. (സാധാ) നം. 1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതായത് 10% തുക മാത്രമാണ് സെന്റേജ് ചാർജ്ജായി നൽകാവുന്നത്.<br>പ്രവൃത്തിയുടെ ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമായിട്ടില്ല |
| പ്രോ. നം 5/19 പൈപ്പ് ലൈൻ നീട്ടൽ | 2500000 ധനകാര്യ കമ്മിഷൻ അവാർഡ് | 1993000 | പ്രവൃത്തിയുടെ ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമായിട്ടില്ല |
| ആകെ | | 2253000 | |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.46/21.11.2019) മറുപടി ലഭ്യമായില്ല. പ്രവൃത്തിക്കായി നൽകിയ അധിക നിരക്കിലെ സെന്റേജ് ചാർജ്ജ് തിരികെ ലഭ്യമാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമാകാത്തതിനാൽ മേൽ പദ്ധതികൾ പ്രകാരമുള്ള ആകെ ചെലവു തുക 22,53,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-39 ഗുണനിലവാരം ഉറപ്പാക്കാതെ LED ലൈറ്റ് വാങ്ങി.

പ്രോ. നം. 231/19 LED ലൈറ്റ് വാങ്ങൽ പദ്ധതിക്കായി 582000/- രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തി. പദ്ധതിക്കായി ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും മാന്വൽ ടെണ്ടറുകളാണ് സ്ഥാപനം സ്വീകരിച്ചത്. ടെണ്ടറുകൾക്കൊപ്പം സാമ്പിളുകൾ സ്വീകരിച്ച് ക്വാളിറ്റി പരിശോധന നടത്തിയശേഷം ടെണ്ടർ അംഗീകരിച്ച് സാധനം വാങ്ങാതെ, സ്ഥാപനം ലഭ്യമാക്കിയ മുൻ ക്വാളിറ്റി ടെസ്റ്റ് റിപ്പോർട്ടുകളെ ആധാരമാക്കി ടെണ്ടർ അംഗീകരിച്ച്, സ്ഥാപനത്തിനു സപ്ലൈ ഓർഡർ നൽകുകയും കരാറിലേർപ്പെടുകയും ചെയ്തു.

മേൽ പ്രകാരം വാങ്ങൽ നടത്തിയ ശേഷം ക്വാളിറ്റി ടെസ്റ്റ് നടത്തിയപ്പോൾ മുൻപ് ലഭ്യമാക്കിയ റിപ്പോർട്ടിൻ പ്രകാരമുള്ള ക്വാളിറ്റി ഇല്ലാത്തതായി ബോധ്യപ്പെട്ടുവെങ്കിലും, തുടർ നടപടികൾ സ്വീകരിച്ചില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/21.11.2019) മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ക്വാളിറ്റി പരിശോധന നടത്തിയതിലെ സാംഗത്യം വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാനും ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി ഫണ്ടു വിനിയോഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-40 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഓണറേറിയം - രേഖകൾ ലഭ്യമായില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 47/19 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഓണറേറിയം

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ തുക - 600000 വികസന ഫണ്ട്

600000 തനതു ഫണ്ട്

ചെലവു തുക - 599325 വികസന ഫണ്ട്

544275 തനതു ഫണ്ട്

ബിൽ നം 6/18-19/buds തീയതി 14.05.2018 - 58000

ബിൽ നം 10/18-19/buds തീയതി 11.06.2018 - 59200

ബിൽ നം 17/buds തീയതി 11.07.2018 - 51200

ബിൽ നം.22/18-19/buds തീയതി 14.08.2018 - 59200

ബിൽ നം 23/18-19/buds തീയതി 21.08.2018 - 54000

ബിൽ നം 27/18-19/buds തീയതി 15.09.2018 - 3600

ബിൽ നം 39/18-19/buds തീയതി 21.12.2018 - 149200

ബിൽ നം 45/18-19 തീയതി 07.01.2019 - 147600

ബിൽ നം 51/18-19 തീയതി 22.02.2019 - 17325

ചെക്ക് നം. 223971/30.10.2018 -54000

ചെക്ക് നം. 223972/30.10.2018 -4000

ചെക്ക് നം. 224018/16.11.2018 -144000

ചെക്ക് നം. 224019/16.11.2018 -4800

ചെക്ക് നം. 1163656/18.02.2019 -131075

ചെക്ക് നം. 1163657/02.03.2019 -148000

(കുറിപ്പ് - 58400/- രൂപ അനുവദിച്ചതു സംബന്ധിച്ച ചെക്ക് വിശദാംശങ്ങൾ ബിൽ/ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ ലഭ്യമായിരുന്നില്ല.)

പദ്ധതിയുടെ ചെലവു രേഖകൾ പരിശോധനക്കു ലഭ്യമാക്കുവാനറിയിച്ച ഓഡിറ്റ് അന്വേഷണങ്ങൾ (നം. 1/14.11.2019, 43/20.11.2019, 46/21.11.2019) നൽകിയെങ്കിലും ഫയൽ ലഭ്യമായില്ല. ബഡ്സ് സ്കൂൾ ജീവനക്കാർ/വിദ്യാർത്ഥികളുടെ ഹാജർ രേഖകൾ, തുക അനുവദിച്ചു കൊണ്ടുള്ള ബില്ലുകൾ, സ്റ്റേറ്റ്മെന്റുകൾ, അക്വിറ്റൻസ് രേഖകൾ തുടങ്ങിയവ

ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവ് ചെയ്ത തുക 1143600/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 എ.ബി.സി. പദ്ധതി - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 98700/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം- 64/19

അടങ്കൽ തുക - 98700/-

ചെലവ് തുക - 98700/-

ബിൽനം/ തീ. - 1/18-19,24.05.18

നിർവ്വഹണം – വെറ്റിനറി സർജൻ

2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തെരുവ് നായ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 47 നായകളെ വന്ധ്യംകരിക്കുന്നതിന് 2,100/- രൂപ വീതം 98700/- രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ നിന്നും 47 നായകളെ പിടിച്ച് വന്ധ്യംകരണത്തിന് വിധേയമാക്കി തിരികെ വിട്ടിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.42/19, തീ.20.11.19-ന്, പഞ്ചായത്ത് പരിധിയിലെ 47 നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീക്ക് ഒടുക്കുകയും 47 നായ്ക്കളെ വന്ധ്യംകരിച്ചതിന്റെ വിശദവിവരങ്ങളും ധനവിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ നായ പിടിത്തം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ എന്നിവയുടെ ചെലവ് വിവരങ്ങൾ ധനവിനിയോഗസാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുകയോ, ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 98700/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം- 59/19

അടങ്കൽ തുക - 500000/-

ചെലവ് തുക - 500000/-

ബിൽനം/ തീ. - 20/18-19,17.12.18

നിർവ്വഹണം – വെറ്റിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വിഹിതം, സംസ്ഥാനവിഹിതം എന്നിങ്ങനെ 40 ഗുണഭോക്താക്കൾക്ക് 12500/- വീതം 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത ചെലവ് സംബന്ധിയായ

ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.42/19, തീ.20.11.19-ന്, പ്രോജക്ട് ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നതാണെന്നും പൂർത്തിയായാലുടൻ ഡെപ്യൂട്ടിഡയറക്ടർ എസ്.എൽ.ബി.പി തിരുവനന്തപുരം ഓഫീസിൽ നിന്നും ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 ജലസേചന, കുടിവെള്ള പദ്ധതികൾ നടപ്പാക്കിയില്ല.

ബജറ്റ് അംഗീകരിക്കുന്നതിനായി 26.3.2018 ൽ കൂടിയ ഭരണ സമിതി യോഗത്തിൽ കുടിവെള്ള പദ്ധതികൾക്ക് കൂടുതൽ തുക നീക്കിവയ്ക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. കാളിപ്പാറ കുടിവെള്ള പദ്ധതി കമ്മിഷൻ ചെയ്യുന്നതോട് കൂടി കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രസിഡന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തേണ്ടതില്ല എന്ന് തീരുമാനമുണ്ടായി. വാർഷികപദ്ധതിയിൽ ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുളങ്ങളുടെ നവീകരണം 69/19 | വികസന ഫണ്ട് | 1875680 | - | നടപ്പാക്കിയില്ല |
| 2 | നരസിംഹപുരം കുടിവെള്ള പദ്ധതി 74/19 | സി എഫ് സി | 400000 | - | നടപ്പാക്കിയില്ല |
| 3 | ജല സംരക്ഷണത്തിന് പൊതു കിണറുകളുടെ സമഗ്ര വികസനം 148/19 | സി എഫ് സി | 480000 | - | നടപ്പാക്കിയില്ല |
| 4 | നീരോട്ട്കോണം കിണർ262/19 | മെയിന്റനൻസ് ഫണ്ട്(എൻ ആർ) | 40000 | - | നടപ്പാക്കിയില്ല |
| 5 | തിലക് നഗർ പൊതു കിണർ263/19 | മെയിന്റനൻസ് ഫണ്ട്(എൻ ആർ) | 40000 | - | നടപ്പാക്കിയില്ല |
| 6 | മച്ചേൽ പൊതു കിണർ 225/19 | മെയിന്റനൻസ് ഫണ്ട്(എൻ ആർ) | 40000 | 31895 | - |
| 7 | ശാന്തം മൂല 2പൊതു കിണർ 26/19 | മെയിന്റനൻസ് ഫണ്ട്(എൻ ആർ) | 40000 | 28038 | - |
| 8 | വേലിക്കോട് കോളനി പൊതു കിണർ 227/19 | മെയിന്റനൻസ് ഫണ്ട്(എൻ ആർ) | 40000 | 35480 | - |

നടപ്പാക്കാത്ത 1 മുതൽ 5 വരെയുള്ള പദ്ധതികളിൽ ക്രമ നം 4,5 എന്നിവ സ്പിൽ ഓവർ പദ്ധതികളാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19 18.11.2019) ക്രമ നം 1, 3 എന്നിവ 2019-20 ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ക്രമ നം 2 ലെ പദ്ധതി ഉപേക്ഷിച്ചതായും അറിയിച്ചു. ക്രമ നം 4,5 പദ്ധതികൾ ഗുണഭോക്തൃസമിതി ഏറ്റെടുക്കാത്തതിനാൽ ഉപേക്ഷിച്ചിരിക്കുന്നു.

പഞ്ചായത്ത് അതിർത്തിയിൽ കുടിവെള്ള ലഭ്യത സുഗമമാക്കുന്നതിന് പര്യാപ്തമായ പദ്ധതികൾ നിലവിലുണ്ടോ എന്നും കുടിവെള്ള ക്ഷാമം നിലനിൽക്കുന്നുണ്ടെങ്കിൽ പഞ്ചായത്ത് സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കുന്നതിനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. .

പദ്ധതി രൂപീകരണത്തിലെ അപാകതകളാണ് ഇത്തരം പദ്ധതികൾ ഉപേക്ഷിക്കുന്നതിനും ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സാധിക്കാത്ത അവസ്ഥ സംജാതമാകുന്നതിനും കാരണമാകുന്നത്. കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് 2018-19 ൽ കൂടിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ട് ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-44 കരാറിലേർപ്പെട്ടതിന് ശേഷം പ്രവൃത്തി നിർവ്വഹിക്കുന്നതിൽ നിന്നും പിൻമാറി - തുടർ നടപടികൾ സ്വീകരിച്ചില്ല.

പിള്ള വീട്ട് വിളാകം റോഡ് റീടാറിംഗ് പദ്ധതി (257/19) നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ശ്രീ. ഷൈജു ജി എസ് എസ്റ്റിമേറ്റ് നിരക്കിലും ശ്രീ.പ്രദീപ് എസ് 0.2% കുറഞ്ഞ നിരക്കിലുമുള്ള ടെൻഡർ സമർപ്പിക്കുകയും 7.10.2017 ൽ ശ്രീ.പ്രദീപ് എസ് കരാറിലേർപ്പെടുകയും ചെയ്തു. കരാറിലേർപ്പെട്ട് പത്ത് ദിവസത്തിനകം സൈറ്റ് ഹാന്റ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കേണ്ടതാണെങ്കിലും (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1) ആയത് നടപ്പായില്ല. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് എ ഇ കത്ത് നൽകിയിരിക്കുന്നത് 12.6.2018 ലാണ്. തച്ചോട്ട് കുന്ന് പ്ലാവിള റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് (259/19) എന്ന പദ്ധതിയിലും ശ്രീ.പ്രദീപ് എസ് എന്ന കരാറുകാരൻ കരാറിലേർപ്പെട്ടതിന് ശേഷം പ്രവൃത്തി നടപ്പാക്കുന്നതിൽ നിന്ന് പിൻമാറിയിരുന്നു.

പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116.2- ൽ കരാറുകാരുടെ കുഴപ്പം മൂലം കരാർ അവസാനിപ്പിക്കുകയാണെങ്കിൽ അതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മാത്രവുമല്ല കരാറിലേർപ്പെട്ട് പ്രവൃത്തി നിർവ്വഹിക്കാത്ത കരാറുകാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും അഞ്ച് വർഷത്തേയ്ക്ക് ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്യാവുന്നതാണ്. ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 35/19, 51/19 എന്നിവയ്ക്ക് മറുപടിയായി കരാറുകാരനെ ഒഴിവാക്കി റീ ടെൻഡർ ചെയ്ത്/ ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തി പൂർത്തീകരിച്ചു എന്നറിയിച്ചു. കരാറിലേർപ്പെട്ടതിന് ശേഷം പ്രവൃത്തി നടപ്പാക്കാത്തതിന് മേൽ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-45 മാന്വൽ ടെൻഡർ നടപടി സ്വീകരിക്കാതെ ക്വട്ടേഷനിലൂടെ

## പദ്ധതി നടപ്പാക്കി.

അളിയോട്ട് കോണം കാരോട്ട്കോണം മണപ്പുറം റോഡ് സൈഡ് വാൾ കോൺക്രീറ്റ് (99/19) എന്ന പ്രവൃത്തിയ്ക്ക് മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതത്തിൽ നിന്നും 550000/- രൂപ വകയിരുത്തി. പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെൻഡർ, റീ ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 0.001% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ജെ.ശരത്ചന്ദ്രശ്രീകുമാറുമായി കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പാക്കുകയും ചെയ്തു എന്ന് ഓഡിറ്റ് അന്വേഷണം 44/19 ന് മറുപടിയായി അറിയിച്ചു. മാനുവൽ ടെണ്ടർ സ്വീകരിക്കാതെ നേരിട്ട് ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-46 പകൽ വീട് പ്രവർത്തനം ആരംഭിച്ചില്ല

പദ്ധതിയുടെ പേര് - പകൽ വീട് നിർമ്മാണം (സ്പിൽ ഓവർ)

അടങ്കൽ തുക - 1700000/- (ബ്ലോക്ക് വിഹിതം)

- 200000/- (വികസനഫണ്ട്)

ചെലവ് തുക -1544371 (Ch no 0586525/29.10.2018, 787554/- രൂപ,

Ch no.1937779/20.03.2019, 756817/- രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് പരിധിയിലുള്ള വയോജനങ്ങളുടെ ക്ഷേമത്തിനായി പകൽ വീട് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 1544371/- രൂപ ചെലവഴിച്ചിരിക്കുന്നു. 2017-18 ൽ അംഗീകാരം ലഭിച്ച് കരാറിലേർപ്പെട്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് 2018 ഓഗസ്റ്റ് മാസത്തിലാണ്. പകൽ വീട് പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/19 20.11.2019) ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്നും ആയത് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. സ.ഉ (കൈ) നം 11/2018 ത സ്വ ഭ വ തീയതി 29.01.2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. പകൽ വീട് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ഫണ്ട് ലഭ്യമായിരുന്നിട്ടും മേൽ നിർദേശാനുസരണം പദ്ധതി തയ്യാറാക്കി പൂർത്തീകരിക്കുന്നതിനും പദ്ധതിയുടെ പ്രയോജനം സമയബന്ധിതമായി വയോജനങ്ങൾക്ക് നൽകുന്നതിനും സാധിച്ചില്ല. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിർവ്വഹിച്ചിട്ടില്ല. മാർഗ നിർദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കി ലക്ഷ്യം കൈവരിക്കുന്നതിന് ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം

പ്രോജക്ടിന്റെ പേര് - ഭവന നിർമ്മാണം(ലൈഫ് ) ജനറൽ

പ്രോജക്ട് നം - 89/18-19

അടങ്കൽ - 4770000/- (വി ഫ ജനറൽ)

1189000 /- (ബ്ലോക്ക് വിഹിതം)

884474/- (ജില്ലാ വിഹിതം)

4770000/- (വി ഫ ജനറൽ) ചെലവ്

1185526/- (ബ്ലോക്ക് വിഹിതം)

1884474/- (ജില്ലാ വിഹിതം)

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | പേരും വിലാസവും | വാർഡ് നം | നൽകിയ തുക തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ശിവകാമി. എസ്. സരളാ ഭവൻ, മറുകിൽ, തിലക് നഗർ, ഊരൂട്ടമ്പലം | 12 | | |
| 2 | സുമംഗല, വടക്കുംകര പുത്തൻവീട്, മറുകിൽ, കോട്ടിയക്കോണം | 12 | 40000/- 31.07.2018 160000/- 29-03-2019 | |
| 3 | സുശീല, അശ്വതി ഭവൻ, ചിറ്റിയൂർക്കോട് | 5 | 360000/- | |
| 4 | ശാരദാമണി സുനിൽ ഭവൻ, ശ്രീകൃഷ്ണപുരം | 2 | 40000/- 31.07.2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | കല. എൻ നാരായണ വിലാസം, നീറമൺകുഴി | 12 | 40000/- 03-07-2018 160000/- 14-02-2019 100000/- 14-08-2019 | |
| 6 | വിജയശ്രീ കാർത്തികാ ഭവൻ ഇരട്ടക്കല്ലുങ്ക് | 2 | 40000/- 03-07-2018 160000/- | |

| | | | | |
|---|---|---|---|---|
| | | | 14-02-2019 | |
| 7 | സുധർമ്മ<br>സൂര്യരശ്മി, തച്ചോട്ടുകാവ്, | 20 | 40000/-<br>29-08-2018 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-12 ) ലഭ്യമാക്കിയ മറുപടിയിൽ, ഈ വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നാണ് വിശദീകരിച്ചിട്ടുള്ളത്. ശ്രീമതി സുധർമ്മ, സൂര്യരശ്മി, തച്ചോട്ടുകാവ്, ശാരദാമണി,സുനിൽ ഭവൻ, ശ്രീകൃഷ്ണപുരം എന്നീ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-48 ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമല്ല

പ്രോജക്ട് നം. 15/18-19

പ്രോജക്ടിന്റെ പേര് – ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ

അടങ്കൽ 30000/-(വി. ഫ. ജനറൽ)

ചെലവ് 16095/-( „ )

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

സ.ഉ(എം.എസ്) 21/07 സാ.ക്ഷേ.വ. ഖണ്ഡിക 1.23 പ്രകാരം ആണ് ജാഗ്രതാസമിതി പ്രവർത്തനം നടപ്പിലാക്കേണ്ടത്. അപ്രകാരമുള്ള പ്രവർത്തനങ്ങളല്ല പൂർണമായും പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15-11-2019) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തല പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തുതലത്തിൽ കമ്മിറ്റി വിളിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

# 1-49 സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് - എൽ.പി.സ്കൂൾ പ്രവേശനോത്സവം

നം - 60/19

അടങ്കൽ തുക - 100000/- രൂപ

ചെലവ് തുക - 63075/-

ചെക്ക് നം - 0628021/31.05.18

പഞ്ചായത്തിന്റെ പരിധിയിലുള്ള എൽ.പി.സ്കൂളുകളിൽ പ്രവേശനോത്സവം സംഘടിപ്പിച്ചതിന്റെ ഭാഗമായി തനത്ഫണ്ടിൽ നിന്നും 63075/- രൂപ ചെലവഴിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള

മാർഗരേഖ(സഉ(കൈ)നം11/2018/ത.സ്വ.ഭ.വ തീയതി 29.01.18), സബ്സിഡി മാർഗരേഖ(സഉ(കൈ)നം22/2018/ത.സ്വ.ഭ.വ തീയതി 14.02.18) എന്നിവയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം8/19 -ന് പ്രവേശനോത്സവം എന്ന പ്രോജക്ട് വർഷങ്ങളായി നടപ്പിലാക്കുന്നതാണെന്നും പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനും രക്ഷിതാക്കൾക്ക് ഒരു സാമ്പത്തിക സഹായം എന്ന നിലയിലുമാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത് എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. മാർഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-50 മഴക്കാല പൂർവ ശുചീകരണം- പ്രവർത്തനങ്ങളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി മലയിൻകീഴ് പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് വൗച്ചർ നം 21800302, തീയതി, 07-06-2019, 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.04.2015-ലെ സർക്കുലർ നം 178649/ ഡി സി/2015/ ത സ്വ ഭ വ പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

എ. വാർഡ് തല ശുചിത്വ കൂട്ടായ്മ

ബി. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം

സി. വാർഡ് തല ശുചിത്വ മാപ്പിംഗ്

ഡി. പഞ്ചായത്ത് തല കർമ്മ പരിപാടി

ഇ. ഡ്രൈഡേ സന്ദേശം എല്ലാവീടുകളിലേക്കും

എഫ്. ബോധവത്കരണ പ്രവർത്തനങ്ങൾ

2) വാർഡ് നം 5-ലെ പ്രവർത്തനത്തിനായി വൗച്ചർ നം 04/19-19 (ബിൽ നം. 158/10.01.2019) പ്രകാരം (1000/-രൂപ) ഫോം പ്രിന്റ് ചെയ്തതിന് നൽകിയിട്ടുണ്ട്. എന്നാൽ ഫോമിന്റെ കോപ്പി വൗച്ചറിൽ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം(നം 56,,തീയതി, 22-11-2019) വഴി ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

3) വാർഡ് 2 ഗോവിന്ദമംഗലം അംഗനവാടിയിൽ മലിനജലം പോകുന്നതിന് പൈപ്പ് ഫിറ്റ് ചെയ്തതിന് വൗച്ചർ 50/18, 20-08-2018 പ്രകാരം 1000/-രൂപയും, വെള്ളം വെളിയിൽ ഒഴുക്കാൻ 20/08/2018,21/08/2018 തീയതികളിൽ നടത്തിയ പ്രവൃത്തികൾക്കായി വൗച്ചർ നം 51/18(തീയതി ഇല്ല) പ്രകാരം 1000/- രൂപയും വൗച്ചർ നം 52/18 (തീയതി ഇല്ല) 1000/- രൂപയും നൽകിയിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ടവയല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 3000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-51 ആയുർവ്വേദ മെഡിക്കൽ ഓഫീസർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

(എ) പ്രോജക്ട് നമ്പർ :51/2019

പ്രോജക്ടിന്റെ പേര് : ജീവിതശൈലീരോഗ ക്ലിനിക്

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

അടങ്കൽ തുക :100000/-

ചെലവ്തുക :100000/-

ബിൽനമ്പർ :2/18-19, തീയതി:12.07.2018

(ബി) പ്രോജക്ട് നമ്പർ :7/2019

പ്രോജക്ടിന്റെ പേര് :തച്ചോട്ടുകാവ് ഗവ.ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക :500000/-

ചെലവ് തുക :500000/-

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽനമ്പർ :4/18-19,തീയതി:31.07.2018

(സി)പ്രോജക്ട്നമ്പർ :8/2019

പ്രോജക്ടിന്റെ പേര് :മണപ്പുറം NHMആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ

അടങ്കൽതുക :500000/-

ചെലവുതുക : 500000/-

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽനമ്പർ :5/18-19,31.07.2018

(ഡി) പ്രോജക്ട് നമ്പർ :50/2019

പ്രോജക്ടിന്റെ പേര് :ആയുർവ്വേദപാലിയേറ്റീവ് കെയർ

അടങ്കൽതുക :100000/-

ചെലവ്തുക :100000/-

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :1/18-19, 12.07.2018

(ഇ) പ്രോജക്ട്നമ്പർ :49/2019

പ്രോജക്ടിന്റെപേര് :കർക്കിടകചികിൽസാ പദ്ധതി

അടങ്കൽതുക :100000/-

ചെലവ്തുക :100000/-

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽനമ്പർ :3/18-19, 12.07.2018

കേന്ദ്രീകൃതരീതിയിലുള്ള മരുന്ന് വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ടവകുപ്പുകളുടെചുമതലയാണ്.എന്നാൽ വകുപ്പുമുഖേന വിതരണം ചെയ്യുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശഭരണസ്ഥാപനത്തിന് മരുന്നുകൾ വാങ്ങിനൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നുവിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല.(സ.ഉ.(എം.എസ്)നമ്പർ.80/2017/ തസ്വഭവ,തീയതി.03.04.2017)

മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ മേൽ പറഞ്ഞ അഞ്ചു പ്രോജക്ടുകളിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നു വാങ്ങി.

2.പ്രോജക്ട്നമ്പർ 7/19, 8/19 എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയില്ലാതെ നടപ്പാക്കി.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36ന് ലഭ്യമായ മറുപടി തൃപ്തികരമല്ല.

ഭാവിയിൽ ഇത്തരം പ്രോജക്ട് നടപ്പിലാക്കുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറുടെNAC വാങ്ങേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-52 അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങൽ പദ്ധതികൾ നടപ്പിലാക്കി

(എ) പ്രോജക്ട് നമ്പർ :26/2019

പ്രോജക്ടിന്റെ പേര് :ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

അടങ്കൽതുക :200000/-

ചെലവ്തുക :200000/-

ബിൽനമ്പർ :1/18-19,തിയതി:25.09.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ,ഹോമിയോ

(ബി) പ്രോജക്ട് നമ്പർ :123/2019

പ്രോജക്ടിന്റെ പേര് :പാലിയേറ്റീവ് കെയർ(ഹോമിയോ)

അടങ്കൽ തുക :50000/-

ചെലവ് തുക :50000/-

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :2/18-19,തിയതി:25.09.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ,ഹോമിയോ

കേന്ദ്രീകൃതരീതിയിലുള്ള മരുന്ന് വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ടവകുപ്പുകളുടെചുമതലയാണ്. എന്നാൽ വകുപ്പുമുഖേന വിതരണം ചെയ്യുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശഭരണസ്ഥാപനത്തിന് മരുന്നുകൾ വാങ്ങിനൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നവിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല.(സ.ഉ.(എം.എസ്)നമ്പർ.80/2017/ തസ്വഭവ,തീയതി.03.04.2017)

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ രണ്ടു പ്രോജക്ടുകളിലും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ പദ്ധതി നടപ്പിലാക്കി.ഭാവിയിൽ ഇക്കാര്യങ്ങളിൽ പദ്ധതി മാർഗ്ഗരേഖ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 പാലിയേറ്റീവ്കെയർ-ഒന്നിലേറെ പ്രോജക്ട് നടപ്പിലാക്കി

പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖ 2015 ജി.ഒ(ആർടി)3217/2015 ത.സ്വ.ഭ.വ, 29.10.2015 വകുപ്പ്2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനുവേണ്ടി ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ.സാമ്പത്തിക വർഷാരംഭം മുതൽ സാമ്പത്തികവർഷാവസാനം വരെ വേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം.പ്രോജക്ടിന് ഭേദഗതി ആവശ്യമായി വന്നാൽ ഭേദഗതി വരുത്തി പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് അംഗീകാരം നേടേണ്ടതാണ്.വകുപ്പ് 2.10.7 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ ആരോഗ്യമേഖലാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ആയിരിക്കണം ഈ പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥൻ.

എന്നാൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയറിന് 3പ്രോജക്ടുകൾ രൂപീകരിച്ച് 3 ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1. | 50/19 | ആയുർവ്വേദ പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 2. | 123/19 | പാലിയേറ്റീവ് കെയർ ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3. | 167/19 | പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

ഭാവിയിൽ പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

# 1-54 തൊഴിലുറപ്പ് പദ്ധതി- അപാകങ്ങൾ

എ) കയർഭൂവസ്ത്രം എം ബുക്കിലെ അളവും സ്റ്റോക്ക് രജിസ്റ്ററിലെ അളവും പൊരുത്തപ്പെടുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് പ്രകാരം ചെയ്ത അളവ് | എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ അളവ് 5% വേസ്റ്റേജ് ഉൾപ്പെടെ | സ്റ്റോക്ക് രജിസ്റ്ററിൽ വിനിയോഗം രേഖപ്പെടുത്തിയിട്ടുള്ളത് |
|---|---|---|---|
| മച്ചേൽ പാലം മുതൽ മാമൂട്ട് വരെ തോട് പുനരുദ്ധാരണം | 640 ച.മീ | 672ച.മീ | 700ച.മീ |
| മലയിൻകീഴ് മുതൽ മേപ്പൂക്കട വരെ തോട് പുനരുദ്ധാരണം | 750ച.മീ | 787.5ച.മീ | 800ച.മീ |
| അണപ്പാട് മുതൽ മണപ്പുറം പാലം വരെയുള്ള തോട് കയർ ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തൽ | 1350ച.മീ | 1417.5ച.മീ | 1450ച.മീ |

കയർ സപ്ലൈ ചെയ്യുമ്പോൾ 100ച.മീ ഒരു റോൾ ആയാണ് സപ്ലൈ ചെയ്യുന്നതെന്നും 50ച.മീ മാറ്റണമെങ്കിൽ സപ്ലൈ ചെയ്യുന്ന സമയത്ത് തന്നെ മുറിച്ച് ആവശ്യമായ അളവിൽ കൈമാറേണ്ടതാണെന്നും എന്നാൽ അത് സാധ്യമായിരുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. വർക്ക് നടക്കുന്ന സമയത്താണ് ബാക്കി വരുന്ന കയർ ഭൂവസ്ത്രം മുറിച്ച് അടുത്ത വർക്ക് സൈറ്റിലേക്ക് കൊണ്ടുപോകുന്നത്. ആയതിനാൽ സ്റ്റോക്കിൽ ഇപ്രകാരം കാണിക്കുവാനെ സാധിക്കുകയുള്ളൂ

എന്നാണ് (ഓഡിറ്റ് അന്വേഷണം നം 58/19, തീയതി 22.11.2019)ന് മറുപടിയായി അറിയിച്ചിട്ടുള്ളത് ഓരോ പ്രവൃത്തിക്കും ഉപയോഗിക്കുന്ന കയറിന്റെ കൃത്യമായ അളവ് രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ബി. <u>കയർ ഭൂവസ്ത്രം വാങ്ങൽ കരാറിലേർപ്പെട്ടിട്ടില്ല.</u>

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം2018-19-ൽ 36300 ച.മീ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. കയർഫെഡുമായി കരാറിലേർപ്പെടാതെയാണ് കയർ ഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്.ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 58/19 തീയതി 22.11.2019 -ന് എം.ജി.എൻ.ആർ.ഇ.ജി.എസ് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ നിർദ്ദേശപ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ അളവ് അറിയിച്ചുകൊണ്ട് തുടർ പ്രവൃത്തികൾ ഏറ്റെടുക്കാൻ അറിയിച്ചിരുന്നത് പ്രകാരം 2018-19 ലേബർ ബജറ്റിൽ ഉൾകൊള്ളിച്ച് വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.06.2019, 25.06.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.4/981/2019 തീയതി 17.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 498750 | മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 498750 | 0 |
| | | 40000 | ക്ഷീരസമൃദ്ധി(വനിത) | 40000 | 0 |
| | | 25000 | ക്ഷീരസമൃദ്ധി(ജനറൽ) | 25000 | 0 |
| | | 8500 | കേദാരം | 8500 | 0 |
| | | 420000 | ജൈവസമൃദ്ധി | 420000 | 0 |
| | | 20400 | ജൈവസമൃദ്ധി-വനിത | 20400 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 1257008 | ലൈഫ് | 884474 | 372534 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പകൽവീട് നടത്തിപ്പ് | 0 | 300000 |
| | | 498750 | സ്നേഹസ്പർശം (മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്) | 498750 | 0 |
| | | 1189000 | ലൈഫ് പദ്ധതി | 1185526 | 3474 |
| | | 64000 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 10700 | 53300 |
| | | 288000 | ജലശ്രീ കിണർ റീചാർജ്ജ് | 0 | 288000 |
| | | 300000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 300000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി-വനിത | 100000 | 0 |
| | | 8500 | കേദാരം | 8500 | 0 |
| | | 525000 | അംഗൻവാടി കെട്ടിടനിർമ്മാണം | 0 | 525000 |
| | 2016-17 | 1200000 | പകൽവീട് നിർമ്മാണം | 1200000 | 0 |
| | 2017-18 | 500000 | പകൽവീട് നിർമ്മാണം | 344371 | 155629 |
| | | 179200 | ജലശ്രീ കിണർ റീചാർജ്ജ് | 93600 | 85600 |
| | | 43960 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 43960 | തിരിച്ചടച്ചു |

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 177255 | - | 177255 |
| " | ലൈൻ എക്സ്റ്റൻഷൻ | 484538 | - | 484538 |
| " | ഫിറ്റിംഗ് ചാർജ്ജ് | 2699 | - | 2699 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2253000 | - | 2253000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വര്ഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് | സ.ഉ(സാധാ) നം. 275/2010/ എൽ.എസ്.ജി.ഡി തീയതി. 27.01.2010 | 17118000 | 2349976 | 1862419 | 487557 |
| KURDFC | ജി.ഒ(എം.എസ്) 68/2018, തസ്വഭവ തീയതി 18.05.2018 | 11065809 | - | - | 11065809 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 126387150/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 111170358/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5596932/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 52270 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-31 | 648826 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-35<br>1-36 | 625000<br>168338 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-37 | 104198 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-38 | 2253000 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-40 | 1143600 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |
| 1-41 | 98700 | ഡോ. ഇന്ദു ജി നായർ, വെറ്റിനറി സർജൻ |
| 1-42 | 500000 | ഡോ. ഇന്ദു ജി നായർ, വെറ്റിനറി സർജൻ |
| 1-50 | 3000 | ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി. നന്ദകുമാർ, സെക്രട്ടറി | സെക്രട്ടറി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | ചന്ദ്ര കമലം, മണപ്പുറം, മലയിൻകീഴ് പി.ഒ. |
| ഡോ. ഇന്ദു ജി നായർ, വെറ്റിനറി സർജൻ | | റ്റി.സി. 08/346(2), ശ്രേയം, തിരുമല, തിരുമല പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1130/, തീയതി, 25.05.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1130/, തീയതി, 25.05.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 25.05.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16തീയതി.21.11.16 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1639/2017 തീയതി 16.08.2017 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/2349/2019 തീയതി 15.03.2019 | 28 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

| കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് (ഉപയോഗക്രമം) | അടിസ്ഥാന നികുതി | മേഖല, വഴി സൗകര്യം | ഇളവ് | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ഈടാക്കിയ വാർഷിക വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|---|
| VII/484B | ജയൻ | 139.11 ച.മീ. | 7 (പാർപ്പിടം) | 973.77 | ദ്വിതീയം, 8മീ വഴി | 10% | 20% | 1071 | 877 | 194 |
| VII/484C | ജയൻ | 9.36 ച.മീ. | 50 (വാണിജ്യം) | 468 | ദ്വിതീയം, 8മീ വഴി | 10% | 20% | 515 | 422 | 93 |
| XX/585A | ആർ വേണുഗോപാലൻ നായർ | 180.17 ച.മീ | 7 | 1261 | പ്രഥമം, 12മീ വഴി | - | 20% | 1513 | 1161 | 352 |
| I/589A | വി. ജയകുമാർ | 127.4 ച.മീ | 7 | 892 | ദ്വിതീയം, 6മീ വഴി | 10% | 20% | 981 | 803 | 178 |
| XVII/ 182A | | 217.16 ചമീ | 7 | 1520 | ദ്വിതീയം 8മീ വഴി | 10% | 20% | 1672 | 1369 | 303 |
| XX/327H | ദേവി | 147.53 ചമീ | 7 | 1032.71 | ദ്വിതീയം | 10% | 20% | 1135 | 952 | 183 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | 5മീ വഴി | | | | | |
| X/499A | ഗോപിനാഥൻ നായർ, ജയശ്രീ | 37.7 ചമീ | 50 | 1870 | ദ്വിതീയം 10മീ വഴി | 10% | 20% | 2057 | 1683 | 374 |
| X/499B | ഗോപിനാഥൻ നായർ, ജയശ്രീ | 12.07 ചമീ | 50 | 603.5 | ദ്വിതീയം 10മീ വഴി | 10% | 20% | 663 | 517 | 146 |
| X/499C | ഗോപിനാഥൻ നായർ, ജയശ്രീ | 60.68ചമീ | 50 | 3034 | ദ്വിതീയം 10മീ വഴി | 10% | 20% | 3337 | 2116 | 1221 |
| XV/314A | വിഷ്ണു എസ് എസ് | 154.46 ചമീ | 7 | 1081.22 | ദ്വിതീയം 8മീ വഴി | 10% | 20% | 1189 | 974 | 215 |
| IV/381B | സ്വർണ്ണാ ഭായി | 39.13 ചമീ | 7 | 275.1 | ദ്വിതീയം 8മീ വഴി | 10% | 20% | 303 | 247 | 56 |
| I/189A | ഗിരീശൻ വി | 154.23 ചമീ | 7 | 1079.6 | ദ്വിതീയം 5മീ വഴി | 10% | 20% | 1188 | 1118 | 70 |
| I/189B | ഗിരീശൻ വി | 143.89 ചമീ | 7 | 1007.23 | ദ്വിതീയം 5മീ വഴി | 10% | 20% | 1108 | 907 | 201 |
| IV/383A | സാം ഗിൽബർട്ട് ബി.എസ് | 262.78 ചമീ | 7 | 1839.46 | ദ്വിതീയം 6മീ വഴി | 10% | 20% | 2023 | 1932 | 91 |
| V/166D | ബൈജു വി.എസ് | 129.75 ചമീ | 7 | 908.25 | ദ്വിതീയം 8മീ വഴി | 10% | 20% | 999 | 818 | 181 |
| I/372A | ജിജി ജോൺ | 134.66 ചമീ | 7 | 942.62 | ദ്വിതീയം 8മീ വഴി | 10% | 20% | 1037 | 849 | 188 |
| I/204B | അജയൻ ആർ | 92.74 ചമീ | 7 | 649.18 | ദ്വിതീയം 5.2മീ വഴി | 10% | 20% | 714 | 585 | 129 |
| XV/532A | ഗണേഷ് കുമാർ ആർ | 189 ചമീ | 7 | 1323 | ദ്വിതീയം 5മീ വഴി | 10% | 20% | 1455 | 1192 | 263 |
| IX/174B | വിക്രമൻ നായർ | 85 ച മീ | 7 | 595.35 | ദ്വിതീയം 8മീ വഴി | 10% | 20% | 655 | 536 | 119 |
| VI/355B | അന്ന ജേക്കബ് | 163 ച മീ | 7 | 1141 | ദ്വിതീയം10മീ വഴി | 10% | 20% | 1255 | 1082 | 173 |
| III/375B | മേരി അന്തോണീസ് | 195.88 ചമീ | 7 | 1371 | ദ്വിതീയം 8മീ വഴി | 10% | 20% | 1508 | 1297 | 211 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 4 ഡി&ഓ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

(ഖണ്ഡിക 1-19)

1.പത്മാദേവി,തീർത്ഥംബിൽഡേഴ്സ്&ഡവലപ്പേഴ്സ് 02.06.2018

2.ദീപ.വി.എസ്,ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി 05.05.2018

3.കെ.ആർ.നാഗേഷ്,കുന്നത്ത് എന്റർപ്രൈസസ് 28.03.2018

4.എം.എസ്.പ്രസാദ്,സായി കെപ്കോ ചിക്കൻ ഏജൻസി 15.03.2018

5.റ്റി.സോജു.അന്നാ ഹോളോബ്രിക്സ് 28.03.2018

6.കെ.പദ്മകുമാർ,ക്വീൻ ഓഫ് കേക്സ് 04.06.2018

7.മിനി റോയ്,ലേഡിമാക്സ് ബ്യൂട്ടി പാർലർ 10.05.2018

8.ഡി.ബിജു,മരിയ പ്ളൈവുഡ്&ഹാർഡ്വെയർ 06.06.2018

9.എസ്.വി.സന്തോഷ്കുമാർ,എസ്.കെ സ്റ്റോർ 05.03.2018

10. എസ്.വി.സന്തോഷ്കുമാർ,എസ്.കെ.സ്റ്റോർ(വളം) 05.03.2018

11.രാധമ്മ,വളം ഡിപ്പോ 05.03.2018

12.എസ്.ജയകുമാർ.ശാസ്താ ബേക്കറി. 23.04.2018

13.ശ്രീകല.എസ്.നൃദേവി ഫാൻസി&സ്റ്റേഷനറി സ്റ്റോർ 19.03.2018

14.അനിൽകുമാർ.ബി.ആഞ്ജനേയ ഹയർ സർവ്വീസ് 10.05.2018

15.ഹരികൃഷ്ണൻ.എസ്. `V' മെഡിക്കൽസ് 15.05.2018

16.ബിന്ദു.എസ്,ശാസ്താ സർവ്വീസ് സ്റ്റേഷൻ 02.05.2018

17.രതീഷ്.റ്റി,കീർത്തി ആട്ടോ ഇലക്ട്രിക്കൽ വർക്സ് 23.04.2018

18.കെ.എസ്.റീജ,മനയിൽ സ്റ്റീൽ ഫർണിച്ചർ 12.06.2018

19.വിഷ്ണു.എസ്.ആർ,വെബ് വേൾഡ് 23.05.2018

20.അബൂബക്കർ.എം,റഹിം സ്റ്റോർ 30.05.2018

21.ദീപ ഫാം ഇൻപുട്സ് പ്രൈവറ്റ് ലിമിറ്റഡ് 13.03.2018

22.വി.സുകുമാരൻ നായർ,രാഗം ഇലക്ട്രിക്കൽസ് 28.05.2018

23.സന്തോഷ്.കെ.എം,സൂരജ് ആട്ടോമൊബൈൽസ് 11.06.2018

24.എം.മുഹമ്മദ് ഹുസൈൻ,എ.എം.സാമിൽ 18.04.2018

25.ഉമേഷ്കുമാർ നായർ,VEEBAKES 07.06.2018

26.സഞ്ജീവ്&രമേഷ്,പ്രിന്റ് ആഡ് ടീം 14.05.2018

27.അനീഷ്കുമാർ.കെ.എസ്,നാരായണട്രേഡേഴ്സ് 03.05.2018

28.ഗോമതിനായകം.പി,ആര്യബേക്കറി 25.04.2018

29.എ.വി.കവിത,കവിത ഫാൻസി 14.06.2018

30.എസ്.എസ്.ചന്ദ്രൻ,സന്ധ്യസാമിൽ 30.05.2018

31.സുകുമാരൻ,അമ്മു സ്റ്റോഴ്സ് 11.04.2018

32.ബിജു.എസ്.ബി.എസ്.ഇഞ്ചിനീയറിംഗ് വർക്സ് 28.03.2018

33.വീരഭദ്രൻനായർ.റ്റി, റ്റി.വി.എൻ സ്റ്റോഴ്സ് 11.04.2018

34.വി.വിജയകുമാർ,ധന്യ ഏജൻസി 31.03.2018

35.ബിന്ദു.ജി.എസ്, ബോസ് ലൈറ്റ് 18.06.2018

36.അനീഷ് മോൻ.എ.എസ്,ഭൈരവ് അസോസിയേറ്റ്സ് 20.06.2018

37.വിജയബോവസ്.എൻ,തങ്കം സ്റ്റോർ 14.06.2018

38.ജി.തങ്കം,കെ.റ്റി.എസ്.പ്രോഡക്ട്സ് 02.05.2018

39.എ.സതീന്ദ്രൻ,ശരണ്യഹോട്ടൽ 04.06.2018

40.വി.ഗുരുസ്വാമി,കാർത്തിക് സ്വീറ്റ്സ് 21.06.2018

41.രമേഷ് കുമാർ.എസ്,എ.ആർ.ഹോളോബ്രിക്സ് 26.03.2018

42.സെബിജോസ്.ഡി,തൃശ്ശൂർ ഗോൾഡ് പാലസ് 25.05.2018

43.അരുൺജിത്ത് പുതുശ്ശേരി,മാതാ ആയുർവ്വേദിക് 21.04.2018

44.സൗമ്യ.റ്റി.എസ്,ശ്രീമഹേശ്വരാ ഏജൻസീസ് 15.03.2018

45.ഷിബു.വൈ,വെൽഡിംഗ് വർക് ഷോപ്പ് 11.06.2018

46.വിമൽകുമാർ.എസ്.ആർ,റിയാൻ അസോസിയേറ്റ്സ് 27.06.2018

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്